I.ഇ.ബി. XII-കേരള നിയമസഭ/VII-10

## പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

## നിയമസഭാ നടപടികൾ – സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2008 മാർച്ച് 13, വ്യാഴം

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

### അടിയന്തിരപ്രമേയം

മൂന്നാർ കയ്യേറ്റം ഒഴിപ്പിക്കൽ

മി. സ്പീക്കർ : മൂന്നാർ കയ്യേറ്റം ഒഴിപ്പിക്കലിൽ സർക്കാർ വിവേചനം കാട്ടിയെന്നും ഭരണകക്ഷികളുടെ പാർട്ടി ഓഫീസുകളെ ബോധപൂർവം ഒഴിവാക്കി സംരക്ഷിച്ചുകൊടുത്തുവെന്നുള്ള ഹൈക്കോടതി പരാമർശംമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, പി.കെ. അബ്ദുറബ്ബ്, ജോസഫ് എം. പുതുശ്ശേരി, കെ.ബി. ഗണേഷ് കുമാർ, കെ.കെ. ഷാജു എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്. കോടതിയുടെ പരാമർശം ആണെങ്കിൽപ്പോലും ഇത് അവതരിപ്പിക്കാൻ ചെയർ അനുവാദം നൽകുകയാണ്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ.കെ.പി. രാജേന്ദ്രൻ) : ഇടുക്കി ജില്ലയിൽ ദേവികുളം, ഉടുമ്പൻചോല താലൂക്കുകളിലും മൂന്നാർ മേഖലയിലുമെല്ലാം വ്യാപകമായ തോതിൽ ഭൂമി കയ്യേറ്റം നടന്നതായി സാർവ്വത്രികമായി അംഗീകരിക്കപ്പെട്ടിരിക്കുകയാണ്. ഇതുസംബന്ധിച്ച് ഉയർന്നുവന്നിട്ടുള്ള പരാതികളുടേയും ആക്ഷേപങ്ങളുടേയും അടിസ്ഥാനത്തിൽ അന്വേഷണം നടത്തുന്നതിന് ശ്രീ. സനൽ കുമാറിന്റെ നേതൃത്വത്തിൽ നിയോഗിച്ച കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടിലെ ശുപാർശകളെല്ലാം ഗവൺമെന്റ് അംഗീകരിക്കുകയും ഒരു ടാസ്ക്ഫോഴ്സ് രൂപീകരിച്ചുകൊണ്ട് കയ്യേറ്റങ്ങൾ ഏറെക്കുറെ ഒഴിപ്പിച്ചെടുക്കുകയും കയ്യേറ്റത്തിന് കൂട്ടുനിന്ന ഉദ്യോഗസ്ഥരുടെ പേരിൽ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ടാസ്ക്ഫോഴ്സ് ഇപ്പോൾ 40-ഓളം റിസോർട്ടുകൾക്ക് നോട്ടീസ് നൽകിക്കഴിഞ്ഞുവെന്ന് മാത്രമല്ല നിരവധി കയ്യേറ്റങ്ങൾ ഒഴിപ്പിച്ചെടുക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. കണ്ടംപ്റ്റ് കേസ്സുമായി ബന്ധപ്പെട്ട് കയ്യേറ്റഭൂമി ഒഴിപ്പിക്കുന്നതിൽ വിവേചനം നടന്നുവെന്ന കോടതിയുടെ പരാമർശത്തെ സംബന്ധിച്ച് പരിശോധന നടത്തുന്നതാണ്. കയ്യേറ്റ ഭൂമി ഒഴിപ്പിച്ചെടുക്കുന്നതുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരുടെ പേരിൽ വന്ന കണ്ടംപ്റ്റ് കേസ്സിൽനിന്ന് അവരെ ഒഴിവാക്കി ഇന്നലെ തീർപ്പ് കല്പിച്ചിട്ടുണ്ട്. പട്ടയ വിതരണം, ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുമുള്ള വീഴ്ച, അസൈൻമെന്റ് കമ്മിറ്റിയുടെ പ്രവർത്തനം എന്നിവ സംബന്ധിച്ച കാര്യങ്ങൾ കോടതിയെ ബോധ്യപ്പെടുത്തിയിട്ടുണ്ട്. മൂന്നാറിൽ ഒഴിപ്പിച്ചെടുത്ത ഭൂമി യാതൊരുവിധത്തിലുള്ള വിവേചനവും കൂടാതെ അർഹരായ ഭൂരഹിതർക്ക്

വിതരണം ചെയ്യുന്നതാണ്. അനധികൃത കയ്യേറ്റ ഭൂമി ഒഴിപ്പിച്ചെടുക്കുന്നതിന് ശക്തമായ നടപടികളുമായി മുന്നോട്ടുപോകുന്നതാണ്.

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ: റവന്യൂ വകുപ്പുമന്ത്രി ഭാഗികമായിട്ടുള്ള കാര്യങ്ങളാണ് ഇവിടെ പറഞ്ഞിട്ടുള്ളത്. കണ്ടംപ്റ്റ് കേസ്സിൽനിന്ന് ഒഴിവാക്കിയെങ്കിലും പല ഉദ്യോഗസ്ഥരേയും കോടതി ശിക്ഷിക്കുകയും നിരുപാധികം മാപ്പ് പറയിപ്പിക്കുകയും ചെയ്തിട്ടുണ്ട്. കയ്യേറ്റം ഒഴിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ഒത്തുകളിച്ച് സംസ്ഥാന ഖജനാവിൽ വരേണ്ട കോടിക്കണക്കിന് രൂപ നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. കയ്യേറ്റക്കാരോട് ഗവൺമെന്റ് ഒരേ സമീപനമല്ല സ്വീകരിക്കുന്നത്. കോടതി ആവശ്യപ്പെട്ട ആറ് പോയിന്റുകളെ സംബന്ധിച്ച പൂർണ്ണ വിവരങ്ങൾ ഗവൺമെന്റിന്റെ കൈവശം ഉണ്ടായിട്ടും അപൂർണ്ണവും അവ്യക്തവുമായ വിശദീകരണം നൽകി കോടതിയെ അവഹേളിക്കുന്ന രീതിയിലുള്ള സമീപനമാണ് സ്വീകരിച്ചത്. ഉന്നത വ്യക്തികളുടെ നിർദ്ദേശമനുസരിച്ചാണ് പട്ടയം കൊടുത്തതെന്ന് രവീന്ദ്രൻ വ്യക്തമായി പറഞ്ഞുവെങ്കിലും അതിനെപ്പറ്റി അന്വേഷിക്കാനോ നടപടി സ്വീകരിക്കാനോ ഗവൺമെന്റ് തയ്യാറാകാത്തതിന്റെ ഫലമായി യഥാർത്ഥ കുറ്റവാളികൾ രക്ഷപ്പെടുകയാണ് ചെയ്തത്. മൂന്നാറിലെ ഒഴിപ്പിക്കൽ നടപടി ത്വരിതപ്പെടുത്തുന്ന കാര്യത്തിൽ വിവേചനം കാണിക്കരുത്. ഒഴിപ്പിച്ചെടുത്ത ഭൂമി അർഹരായവർക്ക് വിതരണം ചെയ്യണം. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : മൂന്നാറിൽ ഒഴിപ്പിക്കൽ നടപടികൾ തുടങ്ങിയതിനുശേഷം കോടതിയിൽ നിരവധി കേസ്സുകൾ വന്നുകൊണ്ടിരിക്കുകയാണ്. കോടതി ഉന്നയിച്ച ആറ് പോയിന്റുകൾക്കും

വ്യക്തമായ മറുപടി കൊടുത്തിട്ടുണ്ട്. ഒരു രാഷ്ട്രീയ പാർട്ടിക്കും പട്ടയം കൊടുത്തിട്ടില്ല, കൊടുക്കാൻ കഴിയുകയുമില്ല. അസൈൻമെന്റ് കമ്മിറ്റി നിയമാനുസൃതം അപേക്ഷ സ്വീകരിച്ച് പരിശോധിച്ചതിനുശേഷമാണ് പട്ടയം കൊടുക്കുന്നത്. പട്ടയ വിതരണവുമായി ബന്ധപ്പെട്ട് വിജിലൻസ് കേസ് നടന്നുകൊണ്ടിരിക്കുകയാണ്. ഒഴിപ്പിച്ച ഭൂമി ഏറ്റവും പാവപ്പെട്ടവരും അർഹതപ്പെട്ടവരുമായ ആളുകൾക്ക് വിതരണം ചെയ്യുന്നതാണ്. ടാറ്റ അനധികൃതമായി കയ്യേറിയ ഭൂമി തിരിച്ചെടുക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു. ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

അടിയന്തിര പ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.

(അടിയന്തിര പ്രമേയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്ന ഗവണ്മെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ ഉമ്മൻ ചാണ്ടി, കെ.എം. മാണി, പി.കെ. അബ്ദുറബ്ബ് എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവനകൾ നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽ നിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരാകുകയും ചെയ്തു.)

**ശ്രദ്ധ ക്ഷണിക്കൽ**

(1) ഏകാദ്ധ്യാപക വിദ്യാലയങ്ങൾ (എം.ജി.എൽ.സി) എൽ.പി. സ്കൂളുകളായി ഉയർത്തേണ്ടതിന്റെ ആവശ്യകത

ശ്രീ. എം. ഉമ്മർ: ഏവർക്കും സൗജന്യവും മെച്ചപ്പെട്ടതും നിർബന്ധിതവുമായ വിദ്യാഭ്യാസം നൽകുക എന്ന ഉദ്ദേശത്തോടുകൂടി എസ്.എസ്.എ. യുടെ കീഴിൽ സംസ്ഥാനത്ത് 435-ലധികം ബദൽ വിദ്യാലയങ്ങൾ

പ്രവർത്തിച്ചുവരുന്നുണ്ട്. തീരദേശ-മലയോര പ്രദേശങ്ങളിലാണ് ഈ വിദ്യാലയങ്ങൾ കൂടുതലും പ്രവർത്തിക്കുന്നത്. ഒന്ന് മുതൽ നാല് വരെയുള്ള ക്ലാസ്സുകളിലെ കുട്ടികൾ ഒരേ ക്ലാസ്സിലിരുന്നാണ് പഠിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ എസ്.എസ്.എ. ഫണ്ട് ഉപയോഗപ്പെടുത്തി ഇത്തരം സ്കൂളുകൾ എൽ.പി. സ്കൂളുകളായി ഉയർത്താൻ നടപടി സ്വീകരിക്കണം. ഇടുക്കി, വയനാട്, മലപ്പുറം എന്നീ ജില്ലകളിലെ പിന്നോക്ക പ്രദേശങ്ങളിലുള്ള 124 ബദൽ സ്ക്കൂളുകൾ എൽ.പി. സ്ക്കൂളുകളായി അപ്ഗ്രേഡ് ചെയ്യുന്നതിന് 248 ലക്ഷം രൂപ ഒരു വർഷം മുമ്പ് അനുവദിച്ചെങ്കിലും ഇതുവരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല. അനുവദിച്ച ഫണ്ട് മാർച്ച് മാസത്തോടെ ലാപ്സാകും. പ്രസ്തുത സ്ക്കൂളുകൾ എൽ.പി. സ്ക്കൂളുകളായി അപ്ഗ്രേഡ് ചെയ്യാനുള്ള നടപടികൾ സ്വീകരിക്കണം. 100-ൽ അധികം കുട്ടികൾ പഠിക്കുന്ന ബദൽ സ്ക്കൂളുകളെങ്കിലും പ്രൈമറി സ്ക്കൂളുകളായി ഉയർത്താൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): സംസ്ഥാനത്ത് മിക്കവാറും എല്ലാ സ്ഥലങ്ങളിലും കുട്ടികൾക്ക് നടന്നുചെന്ന് പഠിക്കാവുന്നത്ര സമീപത്ത് പ്രൈമറി സ്ക്കൂളുകളുണ്ടെങ്കിലും ട്രൈബൽ പ്രദേശങ്ങളിലും തീരപ്രദേശങ്ങളിലും വേണ്ടത്ര സ്ക്കൂളുകൾ ഇല്ലെന്നതാണ് നിലവിലുള്ള സ്ഥിതി. കെ.ഇ.ആർ പ്രകാരം 100 കുട്ടികൾ ഇല്ലാതെ ഒരു എൽ.പി. സ്ക്കൂൾ ആരംഭിക്കാൻ സാധ്യമല്ല. അതുകൊണ്ട് ഇത്തരത്തിലുള്ള പ്രദേശങ്ങളിലെ കുട്ടികൾക്ക് സ്ക്കൂൾ ലഭ്യത ഉറപ്പുവരുത്തുന്നതിനാണ് ഡി.പി.ഇ.പി.യുടെ ഭാഗമായി ഒന്ന് മുതൽ നാല് വരെ ക്ളാസ് ഉള്ള ബദൽ വിദ്യാലയങ്ങൾ 1997-98-ൽ ആരംഭിച്ചത്.

ഇവിടത്തെ കുട്ടികളുടെ എണ്ണം ശരാശരി 50-ൽ താഴെയായിരുന്നു. ഡി.പി.ഇ.പി.യുടെ തുടർച്ചയായി 2002-03-ൽ നിലവിൽവന്ന സർവ്വശിക്ഷാ അഭിയാൻ പദ്ധതി പ്രകാരം ആലപ്പുഴ, കോട്ടയം ജില്ലകളിലൊഴികെ 12 ജില്ലകളിൽ 487 ബദൽ വിദ്യാലയങ്ങൾ തുടങ്ങി. ഇത്തരത്തിലുള്ള ചില സ്ക്കൂളുകളിൽ ഒരദ്ധ്യാപകനും ചില സ്ക്കൂളുകളിൽ നാല് അദ്ധ്യാപകരും ഉണ്ട്. മൾട്ടി ലേണിംഗ് സെന്റേഴ്സ് എന്നറിയപ്പെടുന്ന ഈ സ്ക്കൂളുകളിൽ സെൽഫ് ലേണിംഗ് മെറ്റീരിയൽസ് പ്രകാരമുള്ള പാഠ്യപദ്ധതിയാണ് നടപ്പാക്കി വരുന്നത്. 2006-07, 2007-08 സാമ്പത്തിക വർഷങ്ങളിൽ എസ്.എസ്.എ. വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 124 ബദൽ വിദ്യാലയങ്ങൾ എൽ.പി. സ്ക്കൂളുകളായി അപ്ഗ്രേഡ് ചെയ്യാൻ ഉദ്ദേശിച്ചിരുന്നു. വനമേഖലയിൽ പ്രവർത്തിക്കുന്ന പല സ്ക്കൂളുകളിലും കുട്ടികളുടെ എണ്ണം 25-ൽ താഴെയാണ്. 100 കുട്ടികളെങ്കിലും ഉണ്ടെങ്കിൽ മാത്രമേ ആ സ്ക്കൂളിന് എൽ.പി. സ്ക്കൂളായി അനുമതി ലഭ്യമാക്കാൻ സാധിക്കുകയുള്ളൂ. ഇത്തരത്തിലുള്ള പ്രശ്നങ്ങളുള്ളതുകൊണ്ട് എൽ.പി. സ്ക്കൂളുകളായി ഉയർത്തുന്നതിന് അനുയോജ്യമായ സ്ക്കൂളുകൾ കണ്ടെത്തുന്നതിനുള്ള പഠനം സർവ്വശിക്ഷാ അഭിയാന്റെ നേതൃത്വത്തിൽ ഉടനെ നടത്തുന്നതാണ്. കുട്ടികൾക്ക് വിദ്യാഭ്യാസം ഉറപ്പുവരുത്താൻ കഴിയുമാറ് കേന്ദ്ര ഗവൺമെന്റുമായി ബന്ധപ്പെട്ട് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. സ്ക്കൂളുകളിലെ വിദ്യാർത്ഥികളുടെ എണ്ണം തിട്ടപ്പെടുത്തി സാധ്യമായത്ര സ്ക്കൂളുകളെ എൽ.പി. സ്ക്കൂളുകളായി ഉയർത്താൻ നടപടി സ്വീകരിക്കുന്നതാണ്.

## (2) പ്രകൃതിക്ഷോഭത്തെത്തുടർന്ന് റിലീഫ് ക്യാമ്പുകളിൽ കഴിയുന്നവരുടെ പുനരധിവാസം

ശ്രീ. വി. സുരേന്ദ്രൻപിള്ള: സംസ്ഥാനത്തെ തീരപ്രദേശങ്ങളിൽ ഉണ്ടായ കടൽക്ഷോഭത്തിൽ വീടും സ്ഥലവും വള്ളവും വലയും നഷ്ടപ്പെട്ട് റിലീഫ് ക്യാമ്പുകളിൽ കഴിയുന്നവർക്ക് നാമമാത്ര സഹായം മാത്രമേ സംസ്ഥാന സർക്കാരിന് ചെയ്യാൻ കഴിയുന്നുള്ളൂ. സെൻട്രൽ നോംസ് അനുസരിച്ച് കടൽക്ഷോഭംമൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് സംസ്ഥാന സർക്കാരിൽനിന്ന് യാതൊരുവിധ നഷ്ടപരിഹാരം നൽകാൻ സാധ്യമല്ല. ലക്ഷക്കണക്കിന് രൂപ വില വരുന്ന ഇൻബോർഡ് - ഔട്ട് ബോർഡ് എൻജിനുകളുള്ള വഞ്ചികൾ നഷ്ടപ്പെട്ടാൽപ്പോലും നാമമാത്രമായ തുകയാണ് നഷ്ടപരിഹാരമായി കിട്ടുന്നത്. ഈ പ്രശ്നം കഴിഞ്ഞ നിയമസഭാ സമ്മേളനകാലത്തും ഉന്നയിക്കപ്പെട്ടിട്ടുള്ളതാണ്. പ്രകൃതിക്ഷോഭത്തിൽ നഷ്ടപ്പെടുന്ന കാർഷിക വിളകൾക്ക് നഷ്ടപരിഹാം നൽകാൻ സംസ്ഥാന സർക്കാരിന് സാധിക്കുമെങ്കിലും മൽസ്യത്തൊഴിലാളികൾ താമസിക്കുന്ന തീരദേശ മേഖലയിൽ ഒരു സഹായവും ചെയ്യാൻ സംസ്ഥാന സർക്കാരിന് സാധിക്കുന്നില്ല.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): സംസ്ഥാനത്ത് തീരപ്രദേശങ്ങളിൽ പ്രകൃതിക്ഷോഭംമൂലം വീടുകളും വസ്തുക്കളും നഷ്ടപ്പെട്ട് ഇപ്പോൾ റിലീഫ് ക്യാമ്പുകളിൽ കഴിയുന്നവരുടെ പുനരധിവാസം ഗവൺമെന്റ് ഗൗരവമായി പരിഗണിച്ചുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്ത് ഒമ്പത് ജില്ലകളിലായി ഏതാണ്ട് 580 കി.മീ. കടൽത്തീരത്ത് താമസിക്കുന്നവരിൽ ഏറിയ പങ്കും ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള മത്സ്യത്തൊഴിലാളിക

ളാണ്. പ്രകൃതിക്ഷോഭവുമായി ബന്ധപ്പെട്ട് താൽക്കാലിക പരിഹാരമായി സർക്കാർ ദുരിതാശ്വാസ ക്യാമ്പുകൾ തുറക്കുകയും സൗജന്യ റേഷൻ ഉൾപ്പെടെയുള്ള സഹായങ്ങൾ ചെയ്യുകയും ചെയ്യുന്നുണ്ട്. പ്രളയ സാദ്ധ്യതയുള്ള പ്രദേശങ്ങളിൽ താമസിക്കുന്ന ഏതാണ്ട് നാൽപ്പത്തെണ്ണായിരം കുടുംബങ്ങളെ പുനരധിവസിപ്പിക്കാനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. അതിന്റെ ഭാഗമായി ഫസ്റ്റ് സ്റ്റേജിൽ സുനാമി പുനരധിവാസ ഭവനനിർമ്മാണ പദ്ധതിയിൽപ്പെടുത്തി പതിനൊന്നായിരം വീടുകൾ പണിയും. തിരുവനന്തപുരം വെസ്റ്റ് മണ്ഡലത്തിൽ 726 കുടുംബങ്ങളെ മാറ്റിത്താമസിപ്പിക്കേണ്ടതുണ്ട്. ഏപ്രിൽ 30-ന് മുമ്പായി ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കണം. സംസ്ഥാന ഹൗസിംഗ് ബോർഡിനെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തി വീടുകളുടെ നിർമ്മാണപ്രവർത്തനം ആരംഭിക്കണമെന്ന് തീരുമാനിച്ചിട്ടുണ്ട്. സന്നദ്ധ സംഘടനകളെക്കൂടി പങ്കെടുപ്പിച്ചുകൊണ്ട് വീടുകളുടെ നിർമ്മാണം ഒരു വർഷംകൊണ്ട് പൂർത്തിയാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്. കേന്ദ്ര മാനദണ്ഡം അനുസരിച്ച് മാത്രമേ സി. ആർ. എഫ്. ചെലവഴിക്കാൻ സാധിക്കൂ. തീരപ്രദേശത്തെ എം. എൽ. എ. മാരുടെ സഹകരണത്തോടെ സമയബന്ധിതമായി ഭൂമി ഏറ്റെടുക്കാൻ ശ്രമിക്കുന്നതാണ്.

## സബ്മിഷൻ

### (1) എമിഗ്രേഷൻ ബുദ്ധിമുട്ടുകൾ

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി: പുതിയ എമിഗ്രേഷൻ നിയമംമൂലം വിദേശരാജ്യങ്ങളിൽ ജോലിക്ക് പോകുന്നവർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരമുണ്ടാകണം. എസ്.എസ്.എൽ.സി. പാസ്സാകാത്തവർക്ക് വിദേശത്ത് ജോലിക്ക് പോകണമെങ്കിൽ സ്പോൺസർമാർ രണ്ടായിരത്തിയഞ്ഞൂറ്

യു.എസ്. ഡോളറിന് സമാനമായി ഒന്നര ലക്ഷം രൂപയ്ക്ക് തുല്യമായ തുക ബാങ്ക് ഗ്യാരന്റിയായി നൽകണം. ഏജന്റുമാർ മുഖേന പിന്നീട് ഈ തുക തൊഴിലാളികളിൽനിന്നും ഈടാക്കാനാണ് ഉദ്ദേശിക്കുന്നത്. സ്പോൺസർമാരുടെ ചൂഷണം അവസാനിപ്പിക്കാനുള്ള നടപടിയാണ് ഇതെന്നാണ് കേന്ദ്ര ഗവൺമെന്റ് പറയുന്നത്. റിക്രൂട്ടിംഗ് ഏജൻസികൾക്ക് ഈ നിയമം ബാധകമല്ല. റിക്രൂട്ടിംഗ് ഏജൻസികളും എമിഗ്രേഷൻ അധികൃതരും തമ്മിലുള്ള അവിശുദ്ധ കൂട്ടുകെട്ടാണ് ഇങ്ങനെയൊരു നിയമമുണ്ടാകാൻ കാരണം. മുഖ്യമന്ത്രി മുൻകയ്യെടുത്ത് കേന്ദ്ര ഗവൺമെന്റിനെ ഇക്കാര്യം അറിയിക്കുകയും സത്വര നടപടികൾ സ്വീകരിക്കുകയും ചെയ്യണം.

മുഖ്യമന്ത്രി <u>(ശ്രീ. വി. എസ്. അച്ചുതാനന്ദൻ)</u>: 2007 സെപ്റ്റംബറിൽ നടന്ന ഇൻഡ്യൻ മിഷൻ തലവൻമാരുടെ സമ്മേളനത്തിൽ ഉയർന്നുവന്ന അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ ഇൻഡ്യയിൽനിന്ന് തൊഴിലാളികളെ റിക്രൂട്ട് ചെയ്യുന്ന വിദേശ തൊഴിൽ ദാതാക്കളിൽനിന്നും രണ്ടായിരത്തിയഞ്ഞൂറ് അമേരിക്കൻ ഡോളറിന്റെ ബാങ്ക് ഗ്യാരന്റികൂടി വേണമെന്ന നിബന്ധന കേന്ദ്ര സർക്കാർ നിഷ്ക്കർഷിച്ചിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാരിന്റെ ഉത്തരവ് പ്രകാരം ഒറ്റപ്പെട്ട വ്യക്തിഗത റിക്രൂട്ട്മെന്റിന് മാത്രം ഇത്തരത്തിലുള്ള ബാങ്ക് ഗ്യാരന്റി ബാധകമാക്കിയാൽ മതിയെന്ന് തീരുമാനിച്ചിട്ടുണ്ട്. തൊഴിൽ കാലാവധി പൂർത്തിയാക്കി ജോലിക്കാരന് നൽകേണ്ട എല്ലാ ആനുകൂല്യങ്ങളും തൊഴിൽ ദാതാവ് നൽകി എന്ന് എമ്പസ്സിക്ക് ബോദ്ധ്യപ്പെട്ടതിനുശേഷം ഈ ഗ്യാരന്റി തിരിച്ച് നൽകുന്നതാണ്. ഇൻഡ്യയിലെ രജിസ്റ്റേർഡ് റിക്രൂട്ടിംഗ് ഏജന്റുമാർ മുഖാന്തിരം റിക്രൂട്ട് ചെയ്യുന്ന തൊഴിലാളികൾക്ക് ഈ നിബന്ധന ബാധകമല്ല. കൂടാതെ തുടർച്ചയായി റിക്രൂട്ട്മെന്റ് നടത്തുന്ന പെർമിറ്റുള്ള

വിദേശ തൊഴിൽ ദാതാക്കൾക്ക് അവരുടെ കമ്പനികളുടെയും സ്ഥാപനങ്ങളുടെയും ആവശ്യത്തിനായി റിക്രൂട്ട്മെന്റ് നടത്താനും ഈ നിബന്ധന ബാധകമല്ല. ഇപ്പോൾ നിഷ്ക്കർഷിച്ചിട്ടുള്ള നിബന്ധന വളരെക്കുറച്ച് തൊഴിൽ ദാതാക്കൾക്ക് മാത്രമേ ബാധകമാകുന്നുള്ളൂ എന്നാണ് വിലയിരുത്തിയിട്ടുള്ളത്. തൊഴിലുടമകളിൽനിന്ന് കടുത്ത ചൂഷണവും പീഡനവും നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത് തടയാൻ വേണ്ടിയാണ് ഈ നിബന്ധന സർക്കാർ കൊണ്ടുവന്നിട്ടുള്ളത്.

(2) <u>വരൾച്ചബാധിത പ്രദേശത്തെ ശുദ്ധജല വിതരണം</u>

<u>ശ്രീ. സാജു പോൾ</u> : സംസ്ഥാനത്തെ വരൾച്ചബാധിത പ്രദേശങ്ങളിൽ, പ്രത്യേകിച്ച് എറണാകുളം ജില്ലയിൽ ടാങ്കർ ലോറികളിൽ വെള്ളമെത്തിക്കുന്നതിന് ആവശ്യമായ സംവിധാനം ഏർപ്പെടുത്തണം. കഴിഞ്ഞ വർഷം കുടിവെള്ള വിതരണത്തിന്റെ ഭാഗമായി ചെയ്ത പ്രവൃത്തികളുടെ വകയിൽ നൽകാനുള്ള മൂന്ന് കോടി മുപ്പത്തിയൊന്ന് ലക്ഷം രൂപയുടെ കുടിശ്ശിക അടിയന്തിരമായി കൊടുത്തുതീർക്കണം.

റവന്യൂ വകുപ്പുമന്ത്രി <u>(ശ്രീ. കെ. പി. രാജേന്ദ്രൻ)</u>: രൂക്ഷമായ കുടിവെള്ള ക്ഷാമമാണ് സംസ്ഥാനത്ത് അനുഭവപ്പെടുന്നത്. ഇക്കാര്യം മുന്നിൽ കണ്ടുകൊണ്ട് പതിനാല് ജില്ലകളിലെയും കുടിവെള്ളക്ഷാമം പരിഹരിക്കാനുള്ള പദ്ധതികൾക്കായി 14-02-2007-ലെ റവന്യൂ ഉത്തരവ് പ്രകാരം 6 കോടി രൂപ പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽനിന്ന് അനുവദിക്കുകയും അതിൽ 55 ലക്ഷം രൂപ എറണാകുളം ജില്ലയ്ക്ക് മാത്രമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. കുടിവെള്ളക്ഷാമ പ്രശ്നം ഇന്നലെ ക്യാബിനറ്റിൽ ചർച്ച ചെയ്തു. ടാങ്കർ ലോറികളിൽ വെള്ളം എത്തിക്കുമ്പോഴുണ്ടാകുന്ന

ആക്ഷേപങ്ങളും പരാതികളും പരിഹരിക്കുന്നതിനായി ഓരോ മന്ത്രിമാരെ ഓരോ ജില്ലകളിൽ ചുമതലപ്പെടുത്തിയിട്ടുണ്ട്. കുടിശ്ശിക കൊടുത്തു തീർക്കാൻ ഇപ്പോൾ നിർവ്വാഹമില്ല.

(3) നെല്ല് സംഭരണം

ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: തൃശ്ശൂർ ജില്ലയിലെ നെല്ല് സംഭരണം സ്വകാര്യ മില്ലുകാരെ ഏൽപ്പിച്ചിരിക്കുന്നതുമൂലം കർഷകർ അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾക്ക് പരിഹാരം കാണണം. പൊതു മാർക്കറ്റിലുള്ള അരി വിലയുടെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങൾ വഴിയോ പാടശേഖര സമിതികൾ വഴിയോ നെല്ല് സംഭരിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): സഹകരണ സംഘങ്ങളും മറ്റ് ഏജൻസികളും കർഷകരിൽനിന്ന് സംഭരിച്ചുവച്ചിരുന്ന നെല്ല് വിപണനം നടത്താൻ സാധിക്കാതെയിരുന്ന സാഹചര്യത്തിലാണ് നെല്ല് സംഭരണം, സംസ്ക്കരണം, വിപണനം തുടങ്ങിയവ നടത്താൻ കേരള സംസ്ഥാന സിവിൽ സപ്ളൈസ് കോർപ്പറേഷനെ സർക്കാർ ചുമതലപ്പെടുത്തിയത്. ഇതുസംബന്ധിച്ച് 2-9-06-ൽ പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് സിവിൽ സപ്ളൈസ് കോർപ്പറേഷൻ പരിശോധിച്ച് ഉചിതമെന്നു തോന്നുന്നപക്ഷം നെല്ല് സംഭരണ പ്രവർത്തനത്തിൽ പങ്കാളികളാകാൻ താൽപ്പര്യമുള്ള സഹകരണ സംഘങ്ങളെയും സംഭരണ പ്രക്രിയയിൽ ഉൾപ്പെടുത്തുന്നതാണെന്ന് വ്യക്തമാക്കുകയും ഇതുസംബന്ധിച്ച് ബന്ധപ്പെട്ടവരുമായി ചർച്ച ചെയ്യുകയും ചെയ്തു. പാടശേഖര സമിതികൾ, കർഷക സഹകരണ സംഘങ്ങൾ എന്നിവ വഴി തൃശ്ശൂർ ജില്ലയിൽ നെല്ല് സംഭരിക്കണമെന്ന് ആവശ്യപ്പെട്ടതനുസരിച്ച്

അവരുടെ സഹകരണത്തോടുകൂടി നെല്ല് സംഭരിച്ച് കർഷകർക്ക് നേരിട്ട് പണം നൽകുകയാണ്. എന്നാൽ വിപണന സംവിധാനത്തിലെ പോരായ്മ കാരണം സപ്ലൈകോയ്ക്ക് വീണ്ടും ഇക്കാര്യത്തിൽ ഇടപെടേണ്ടി വരുകയാണുണ്ടായത്. തൃശ്ശൂർ ജില്ലയിലും സപ്ലൈകോ വഴി നെല്ല് സംഭരണം വിജയകരമായി നടത്താൻ സഹകരണ സംഘങ്ങളുടെയും പാടശേഖര സമിതികളുടെയും സഹകരണം ലഭ്യമാക്കണം.

(4) മോട്ടോർ തൊഴിലാളി ക്ഷേമ പദ്ധതിയിൽ ഓട്ടോ തൊഴിലാളി വിഹിതം

ശ്രീ. എം. കെ. പ്രേംനാഥ്: 1985-ലെ കേരള മോട്ടോർ തൊഴിലാളി ക്ഷേമ പദ്ധതിയിൽ ഓട്ടോറിക്ഷാ തൊഴിലാളികളെ ഉൾപ്പെടുത്തുന്നതിനും ഉടമ വിഹിതം നിർബന്ധമാക്കുന്നതിനും വ്യവസ്ഥ ഉൾപ്പെടുത്തണം. ആ വ്യവസ്ഥ കൊണ്ടുവരുന്നതിനും എല്ലാ ഓട്ടോറിക്ഷാ തൊഴിലാളികൾക്കും തൊഴിൽ വകുപ്പിൽനിന്ന് ഐഡന്റിറ്റി കാർഡ് കൊടുക്കുന്നതിനും 60 വയസ്സ് കഴിഞ്ഞ ഓട്ടോറിക്ഷാ തൊഴിലാളിയും സ്വന്തം ഓട്ടോറിക്ഷ ഓടിക്കുന്ന ഉടമയും വിഹിതം അടയ്ക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി. കെ. ഗുരുദാസൻ): 1991-ലെ കേരള ഓട്ടോറിക്ഷാ തൊഴിലാളി ക്ഷേമ പദ്ധതിയിൽ അംഗങ്ങൾ അല്ലാത്ത എല്ലാ ഓട്ടോറിക്ഷാ തൊഴിലാളികളും 7-6-05-ലെ പരിഷ്ക്കരിച്ച കേരള മോട്ടോർ തൊഴിലാളി ക്ഷേമ പദ്ധതിയുടെ ഉത്തരവിന്റെ പരിധിയിൽ വരുന്നതാണ്. 2005-ലെ കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി നിയമ പ്രകാരം വാഹനത്തിന്റെ ടാക്സ് അടയ്ക്കണമെങ്കിൽ ഉടമ ക്ഷേമനിധിയിൽ

വിഹിതമടച്ച് രസീത് ഹാജരാക്കണം. തൊഴിലാളികൾ മാർച്ച് 31-നകം തൊഴിലാളി വിഹിതം അടയ്ക്കാൻ ബാധ്യസ്ഥരാണ്. അവർക്ക് ക്ഷേമനിധി ബോർഡിൽനിന്നും ഐഡന്റിറ്റി കാർഡ് നൽകുന്നതാണ്. സ്വയം തൊഴിൽ ചെയ്യുന്ന 60 വയസ്സ് കഴിഞ്ഞ ഓട്ടോറിക്ഷാ തൊഴിലാളികൾ ഓട്ടോറിക്ഷാ ഉടമകളാണെങ്കിൽ നിലവിലുള്ള നിയമപ്രകാരം ഉടമവിഹിതം അടയ്ക്കേണ്ടതാണ്. നിയമ ഭേദഗതിയിൽക്കൂടി മാത്രമേ ഇതിന് പരിഹാരം കാണാൻ കഴിയുകയുള്ളൂ. ക്ഷേമനിധിയിൽ നേരത്തെ അംഗത്വം എടുത്തിട്ടുള്ളവർക്ക് 60 വയസ്സ് പൂർത്തിയാകുന്ന മുറയ്ക്ക് പെൻഷൻ ലഭ്യമാക്കുന്നതാണ്.

(5) <u>വിളക്കിത്തല നായർ പെൺകുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യം</u>

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> പിന്നോക്ക സമുദായത്തിലെ വിളക്കിത്തല നായർ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം. എ. ബേബി):</u> വിളക്കിത്തല നായർ വിഭാഗത്തിൽപ്പെട്ട പെൺകുട്ടികൾക്ക് യു.പി. സ്കൂൾ തലത്തിൽ 125 രൂപ വച്ചും ഹൈസ്ക്കൂൾ തലത്തിൽ 150 രൂപ വച്ചും സ്ക്കോളർഷിപ്പ് നൽകുന്നത് സംബന്ധിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് തക്ക സമയത്തുതന്നെ വിതരണം ചെയ്യുന്നതാണ്.

(6) <u>മണൽ-മാഫിയ സൃഷ്ടിക്കുന്ന പ്രശ്നങ്ങൾ</u>

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി</u>: പത്തനംതിട്ട ജില്ലയിലെ അനധികൃത മണൽ വാരൽ പ്രശ്നത്തിന് പരിഹാരം കാണാനും ഇക്കാര്യത്തിൽ പരാതിപ്പെടുന്നവരെ മണൽ-മാഫിയ സംഘങ്ങൾ ഭീഷണിപ്പെടുത്തുന്നത് കർശനമായി നേരിടുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (<u>ശ്രീ. കോടിയേരി ബാലകൃഷ്ണൻ</u>): പത്തനംതിട്ട ജില്ലയിൽ നിയമവിരുദ്ധമായി മണൽവാരലും മണ്ണെടുപ്പും നടത്തുന്നവർക്കെതിരെ പോലീസും നിയമ വകുപ്പും നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. 2007-ൽ പത്തനംതിട്ട ജില്ലയിൽ അനധികൃത മണൽവാരലിനെതിരെ 304 ക്രൈം കേസുകൾ രജിസ്റ്റർ ചെയ്യുകയും 328 പ്രതികളെ അറസ്റ്റ് ചെയ്യുകയും 268 വാഹനങ്ങൾ പിടിച്ചെടുക്കുകയും ചെയ്തിട്ടുണ്ട്. കുറ്റക്കാരിൽ നിന്നും 10,00,750 രൂപ പിഴ ഈടാക്കിയിട്ടുണ്ട്. 2008 ജനുവരി, ഫെബ്രുവരി മാസങ്ങളിൽ 59 കേസ്സുകളെടുക്കുകയും 56 പേരെ അറസ്റ്റ് ചെയ്യുകയും 44 വാഹനങ്ങൾ പിടിച്ചെടുക്കുകയും ചെയ്തു. സ്ഥിരമായി ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ സാമൂഹ്യ വിരുദ്ധ പ്രവർത്തനം തടയൽ ആക്ട് പ്രകാരമുള്ള നിയമനടപടികൾ സ്വീകരിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. 26.1.2008-ന് ഇവിടെ സൂചിപ്പിക്കപ്പെട്ട സംഭവം ഉണ്ടായപ്പോൾ തിരുവല്ല സബ് കളക്ടർ പെരുന്തുരുത്തിയിൽ വച്ച് ചെമ്മണ്ണുമായി വന്ന രണ്ട് ലോറികൾ കസ്റ്റഡിയിലെടുത്തു. ഒന്നാം പ്രതിയെ അറസ്റ്റ് ചെയ്ത് ഇന്ത്യൻ ശിക്ഷാ നിയമത്തിലെ വിവിധ വകുപ്പുകൾ പ്രകാരം തൃക്കൊടിത്താനം പോലീസ് സ്റ്റേഷനിൽ ക്രൈം 28/08 നമ്പരായി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. തൃക്കൊടിത്താനം സബ് ഇൻസ്പെക്ടർ കേസ്സന്വേഷിച്ചുവരുന്നു. മണൽ

വാരുന്നവരിൽ നിന്നും ഭീഷണി നേരിടുന്നതായി പരാതി വന്നിട്ടില്ലെങ്കിലും ഇത്തരം റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ മണൽവാരൽ ലോബിക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതാണ്.

(7) തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ

ശ്രീ. തോമസ് ഉണ്ണിയാടൻ: പഞ്ചായത്ത് രാജ് സംവിധാനം ഏർപ്പെടുത്തുകവഴി തദ്ദേശ ഭരണ സ്ഥാപനങ്ങളിലെ സ്റ്റാഫ് പാറ്റേൺ പുന:ക്രമീകരിച്ച് ആവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും അക്കൗണ്ടിംഗ് സംവിധാനം ഫലപ്രദമാക്കുന്നതിനും, കമ്പ്യൂട്ടർവൽക്കരണം വ്യാപകമാക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കണം. ജീവനക്കാരുടെ ജോലിഭാരം സംബന്ധിച്ച് മൂന്നു് വർഷത്തോളം സമയമെടുത്ത് തയ്യാറാക്കിയ സി.എം.ഡി. (സെന്റർ ഫോർ മാനേജ്മെന്റ് ഡെലവപ്പ്മെന്റ്)-യുടെ സ്റ്റഡി . റിപ്പോർട്ട് പരിശോധിച്ച് അശാസ്ത്രീയമാണെങ്കിൽ അത് തള്ളിക്കളയുന്നതിനുള്ള നടപടി സ്വീകരിക്കണം. മേൽപറഞ്ഞ ആവശ്യങ്ങൾക്കായി സെക്രട്ടേറിയറ്റ് പടിക്കൽ നടത്തിവരുന്ന ഉപവാസം അവസാനിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : ത്രിതല പഞ്ചായത്തുകളെ കൂടുതൽ ചുമതലകൾ ഏൽപ്പിച്ചതിനെത്തുടർന്ന് പഞ്ചായത്തുകളിലെ വർദ്ധിച്ച ജോലിഭാരം പരിഹരിക്കുന്നതിന് ഓരോ അധിക തസ്തിക അനുവദിക്കുകയും പുനർവിന്യാസം വഴി ജീവനക്കാരെ അധികമായി പഞ്ചായത്തുകൾക്ക് നൽകുകയും ചെയ്തു. കൂടാതെ തദ്ദേശ ഭരണ വകുപ്പിന്റെ ഭാഗമായി എൻജിനീയറിംഗ് സംവിധാനം രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. ഹെഡ് ക്ളാർക്ക് ഇല്ലാത്ത പഞ്ചായത്തുകളിൽ പ്രസ്തുത തസ്തിക

അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. മൂന്ന് മാസംകൊണ്ട് എല്ലാ പഞ്ചായത്തുകളിലും കമ്പ്യൂട്ടർവൽക്കരണം പൂർത്തീകരിക്കുകയാണ് ലക്ഷ്യം. ഇതിലൂടെ പഞ്ചായത്തുകളുടേയും പഞ്ചായത്തിരാജ് സംവിധാനത്തിന്റേയും കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് സാധിക്കും.

(8) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

ശ്രീ. കെ. സി. വേണുഗോപാൽ: സുനാമി ബാധിത പ്രദേശങ്ങളിലെ കേന്ദ്ര ഗവണ്മെന്റ് സ്കീമായ യൂണിവേഴ്സൽ ഹെൽത്ത് ഇൻഷ്വറൻസ് സ്കീം പ്രകാരം ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യുന്ന രോഗികൾക്ക് മാത്രമേ സഹായം ലഭിക്കുന്നുള്ളൂ. ആലപ്പുഴ ജില്ലയിൽ മാത്രം 33,892 കുടുംബങ്ങൾ പ്രസ്തുത ഇൻഷ്വറൻസ് സ്കീമിലെ അംഗങ്ങളായിട്ടുണ്ടെങ്കിലും പദ്ധതി നടത്തിപ്പിലെ മാദണ്ഡം പാലിക്കുന്നതിലുള്ള അപാകതമൂലം പലർക്കും ഇതിന്റെ ആനുകൂല്യം ലഭിക്കുന്നില്ല. ആലപ്പുഴ ജില്ലയിൽ നിന്നു മാത്രം 16,94,06,000 രൂപ ഇൻഷ്വറൻസ് കമ്പനിക്ക് പ്രീമിയമായി കൊടുത്തിട്ടുണ്ടെങ്കിലും 6,62,050 രൂപ മാത്രമാണ് രോഗികൾക്ക് ലഭിച്ചിട്ടുള്ളത്. അതിനാൽ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ച് അർഹരായ രോഗികൾക്ക് സഹായം ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ): സുനാമി ദുരിത ബാധിതർക്ക് പ്രധാനമന്ത്രിയുടെ ദേശീയ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള ധനസഹായത്തോടെ യുണൈറ്റഡ് ഇൻഷ്വറൻസ് കമ്പനി മുഖേന നടപ്പിലാക്കിയ പദ്ധതിയാണ് യൂണിവേഴ്സൽ ഹെൽത്ത് ഇൻഷ്വറൻസ് സ്കീം. പ്രസ്തുത പദ്ധതി പ്രകാരം ഒരു വർഷം ഒരാളിന് പരമാവധി 15,000 രൂപയാണ് ലഭിക്കുന്നത്. ഈ പദ്ധതിയുടെ ഗൈഡ്ലൈനിൽ ധാരാളം അപ്രായോഗികതയുണ്ട്. ആശുപത്രിയിൽ

കിടത്തി ചികിൽസിക്കാത്ത പാവപ്പെട്ട രോഗികൾക്കും ഇതിന്റെ പ്രയോജനം ലഭിക്കണമെന്നുതന്നെയാണ് ആരോഗ്യവകുപ്പിന്റെ അഭിപ്രായം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ): ആരോഗ്യ ഇൻഷ്വറൻസ് സ്കീം നടപ്പിലാക്കുന്നതിനുള്ള മാനദണ്ഡത്തിൽ മാറ്റം വരുത്തിയില്ലെങ്കിൽ പാവപ്പെട്ട രോഗികൾക്ക് ഇതിന്റെ ഗുണം ലഭിക്കുകയില്ല. പ്രധാനമന്ത്രിയുടെ ഓഫീസിൽ നിന്നുള്ള ഉദ്യോഗസ്ഥരുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട ഇൻഷ്വറൻസ് കമ്പനി അനധികൃതമായി ചർച്ച നടത്തി സ്കീമിന്റെ പ്രയോജനം പരമാവധി ആളുകൾക്ക് ലഭ്യമാക്കുന്നതിന് പരിശ്രമിക്കുന്നതാണ്.

(9) ഈട്ടി, തേക്ക് മരങ്ങളുടെ മുറിച്ചുമാറ്റൽ

ശ്രീ. പി. കൃഷ്ണപ്രസാദ്: വയനാട് ജില്ലയിൽ ഭൂമിക്ക് പട്ടയം അസൈൻ ചെയ്തുകൊടുത്ത സമയത്ത് അവിടെയുണ്ടായിരുന്ന തേക്ക്, ഈട്ടി എന്നീ മരങ്ങൾ മരവില വാങ്ങി വിട്ടുകൊടുക്കാതെ സർക്കാരിലേയ്ക്ക് റിസർവ്വ് ചെയ്ത് നിർത്തിയിരുന്നു. അത്തരം മരങ്ങൾ വളർച്ച മുറ്റി നശിച്ചുകൊണ്ടിരിക്കുന്നു. പ്രസ്തുത മരങ്ങൾ യഥാസമയം മുറിച്ചുമാറ്റുകയും കർഷകർക്ക് നിശ്ചിത സംഖ്യ നഷ്ടപരിഹാരം കൊടുക്കുകയും ചെയ്യാൻ കഴിയുന്ന സംവിധാനമുണ്ടാക്കുന്നതിന് ഗവണ്മെന്റ് തയ്യാറാകണം.

വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ബിനോയ് വിശ്വം): വയനാട് ജില്ലയിലെ റവന്യൂ ഭൂമിയിലും പട്ടയ ഭൂമിയിലുമുള്ള ഈട്ടി, തേക്ക് എന്നീ മരങ്ങളുടെ ഉടമസ്ഥാവകാശവും വിപണനാവകാശവും സംരക്ഷണച്ചുമതലയും റവന്യൂ വകുപ്പിനാണ്. ഈ മരങ്ങളുടെ വില നിശ്ചയിച്ച് വിപണനം നടത്തുന്നവരെ സഹായിക്കുകയാണ് വനം വകുപ്പ്

ചെയ്യുന്നത്. ഈട്ടി, തേക്ക് എന്നിവയുടെ മരവില നിശ്ചയിച്ച് അതിന്റെ നിശ്ചിത ശതമാനം കൃഷിക്കാരിൽ നിന്നും ഈടാക്കി അവർക്ക് വിട്ടുകൊടുക്കാൻ നിലവിലുള്ള നിയമപ്രകാരം സാദ്ധ്യമല്ല. റവന്യൂ പട്ടയ ഭൂമിയിൽ ജീവനും സ്വത്തിനും ഭീഷണിയാകുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിന് രൂപീകരിച്ച സമിതിയുടെ പരിശോധനയുടെ അടിസ്ഥാനത്തിൽ മുറിക്കാനുള്ള മരങ്ങളുടെ ലിസ്റ്റ് തയ്യാറാക്കേണ്ടതുണ്ട്. ഈട്ടി, തേക്ക് എന്നീ മരങ്ങൾക്ക് മരവില നിശ്ചയിച്ച് അതിന്റെ നിശ്ചിത ശതമാനം കർഷകരിൽ നിന്നും ഈടാക്കി മരങ്ങൾ കർഷകർക്ക് വിട്ടുകൊടുക്കാനുള്ള സാധ്യത റവന്യൂ, വനം വകുപ്പുകൾ സംയുക്തമായി പരിശോധിക്കുന്നതാണ്.

(10) കുറ്റ്യാടി ജലസേചന പദ്ധതി

ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ : കുറ്റ്യാടി ജലസേചന പദ്ധതിയുടെ പല ബ്രാഞ്ച് കനാലുകളിലും വെള്ളം എത്തുന്നില്ല. കോഴിക്കോട് നഗരത്തിനു ചുറ്റുമുള്ള 8 പഞ്ചായത്തുകൾക്ക് കുടിവെള്ളമെത്തിക്കാൻ വേണ്ടിയുള്ള ജപ്പാൻ കുടിവെള്ള പദ്ധതിക്ക് ജലമെടുക്കാൻ തീരുമാനിച്ചിട്ടുള്ളത് കുറ്റ്യാടി ജലസേചന പദ്ധതിയുടെ ജലസംഭരണിയിൽ നിന്നാണ്. റിസർവോയറിലെ ജലനിരപ്പ് ഉയരുന്നതുമൂലം അപകടഭീഷണിയിലായിരിക്കുന്ന ആയക്കെട്ടു പ്രദേശത്തുള്ള 11 കുടുംബങ്ങളെ മാറ്റിപ്പാർപ്പിക്കണം. വയനാട്ടിലെ ബാണാസുരസാഗറിൽനിന്നുള്ള വെള്ളവും കുറ്റ്യാടി ജലസേചന പദ്ധതിയിൽ നിന്നുള്ള വെള്ളവും കുറ്റ്യാടി ജലസേചന പദ്ധതിയുടെ റിസർവോയറിലാണ് എത്തുന്നത്. ഇങ്ങനെ എത്തുന്ന വെള്ളം സംഭരിക്കുന്നതിനുള്ള ശേഷി ഡാമിന് ഇല്ലാത്തതിനാൽ നിലവിലുള്ള ഡാം ശക്തിപ്പെടുത്തുന്നതിനും ഒരു സപ്പോർട്ടിംഗ് ഡാം നിർമ്മിച്ച് സംഭരണശേഷി വർദ്ധിപ്പിച്ച് പദ്ധതിക്ക്

ലക്ഷ്യമിട്ട രീതിയിൽ ജലസേചനം നടത്താനും ബ്രാഞ്ച് കനാലിൽ വെള്ളമെത്തിക്കാനും അടിയന്തിര നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ): കുറ്റ്യാടി ജലസേചന പദ്ധതിക്ക് 74.40 മീറ്റർ നീളത്തിൽ പ്രധാന കനാലും 136.32 മീ. നീളത്തിൽ ബ്രാഞ്ച് കനാലും 300 മീറ്റർ നീളത്തിൽ ഡിസ്ട്രിബ്യൂട്ടറികളുമുണ്ട്. നെൽകൃഷിക്ക് ഭാഗികമായും മറ്റ് കൃഷിക്ക് ആവശ്യമുള്ളതുമായ ജലം സംഭരിച്ച് എത്തിക്കാൻ വേണ്ടിയാണ് ഈ സ്കീം രൂപകൽപ്പന ചെയ്തിട്ടുള്ളത്. മൺകനാലിൽ ഭാഗികമായി ചോർച്ചയുള്ളതുകൊണ്ടും കനാലിലേയ്ക്ക് മണ്ണൊലിച്ചിറങ്ങുന്നതുകൊണ്ടും കനാലിൽ സുഗമമായി ജലവിതരണം സാധിക്കാത്തതിനാൽ ചില ഡിസ്ട്രിബ്യൂട്ടറികളിലും ജലമെത്തിക്കാൻ കഴിയുന്നില്ല. കനാലിനുവേണ്ടി ഏറ്റെടുത്ത സ്ഥലങ്ങളിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൃഷി ആവശ്യത്തിനും ജപ്പാൻ കുടിവെള്ള പദ്ധതിക്കും ആവശ്യമായ ജലം ഈ ഡാമിൽ സംഭരിക്കാൻ കഴിയുമെന്നാണ് പഠനത്തിൽ ബോധ്യമായിട്ടുള്ളത്. കുറ്റ്യാടി ജലസേചന പദ്ധതിയുടെ പൂർണ്ണ സംഭരണശേഷി 44.41 മീറ്ററാണ്. 43 മീറ്ററിൽ കൂടുതൽ ജലം അവിടെ സംഭരിക്കാൻ കഴിയുകയില്ല. ബാണാസുരസാഗറിൽ നിന്നുള്ള വെള്ളം സംഭരിക്കാൻ കഴിയുമോയെന്ന കാര്യം പരിശോധിച്ചശേഷം പറയാവുന്നതാണ്.

(11) മഞ്ഞപ്പിത്തം പടർന്നുപിടിക്കുന്നത് സംബന്ധിച്ച്

ശ്രീ. തോമസ് ചാഴികാടൻ: കോട്ടയം മെഡിക്കൽ കോളേജിനോടനുബന്ധിച്ചും സമീപ പ്രദേശങ്ങളിലും മഞ്ഞപ്പിത്തം വ്യാപകമായി പടർന്നുപിടിച്ചിരിക്കുന്നു. വെള്ളക്കെട്ടുള്ള ഭാഗങ്ങളിലാണ് കൂടുതലായി ഈ

രോഗം കണ്ടുവരുന്നത്. ജലസ്രോതസ്സ് മലിനപ്പെട്ടതാണ് ഇതിന് പ്രധാന കാരണം. കോട്ടയം മെഡിക്കൽ കോളേജിൽ പ്രവർത്തിച്ചുവരുന്ന ദ്രവ-മാലിന്യ സംസ്ക്കരണ പ്ളാന്റിന്റെ ശേഷി വർദ്ധിപ്പിക്കാനുള്ള നടപടി ത്വരിതപ്പെടുത്തണം. കോട്ടയം മെഡിക്കൽ കോളേജിനു പുറത്തുള്ള ദ്രവ-മാലിന്യങ്ങൾ സംസ്ക്കരിക്കാനുള്ള സംവിധാനം സമ്പൂർണ്ണമല്ല. ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുന്ന എപ്പിഡമിക് നിയന്ത്രണ ഇൻസ്റ്റിറ്റ്യൂട്ട് കോട്ടയത്ത് സ്ഥാപിച്ച് ഇത്തരം രോഗങ്ങൾ മോണിറ്റർ ചെയ്യാനും ജനങ്ങളുടെ ആരോഗ്യം സംരക്ഷിക്കാനുമുള്ള സാഹചര്യമുണ്ടാക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി (ശ്രീമതി പി. കെ. ശ്രീമതി ടിച്ചർ ) കോട്ടയം ജില്ലയിലേയും സമീപ പ്രദേശങ്ങളിലേയും മാലിന്യ പ്രശ്നങ്ങൾമൂലവും ഐസ് ക്രീം, സിപ്പ് അപ് തുടങ്ങിയ പാനീയങ്ങൾ കുട്ടികൾ കുടിക്കുന്നതുമൂലവും മഞ്ഞപ്പിത്തരോഗങ്ങളുണ്ടാകുന്നതായി തെളിഞ്ഞിട്ടുണ്ട്.. ഏകദേശം 160 കേസ്സുകളാണ് ഇത്തരത്തിൽ റിപ്പോർട്ട് ചെയ്തിട്ടുള്ളത്. സംഭവം ശ്രദ്ധയിൽപ്പെട്ടയുടനെതന്നെ ആവശ്യമായ പരിഹാര നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുകയും ഫലപ്രദമായി ഇടപെടുകയും ചെയ്തിട്ടുണ്ട്. രോഗപ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. തദ്ദേശ ഭരണ വകുപ്പിന്റെ ശ്രദ്ധകൂടി ഇക്കാര്യത്തിൽ ഉണ്ടാകേണ്ടതാണ്. ഒരു പ്രദേശത്തെമാത്രം കേന്ദ്രീകരിച്ച് എപ്പിഡമിക് സെൽ ആരംഭിക്കുന്ന കാര്യം ആലോചിച്ചിട്ടില്ല. സ്റ്റേറ്റ് തലത്തിൽ പകർച്ചവ്യാധി നിയന്ത്രണ സെല്ലിന് രൂപം കൊടുത്തിട്ടുണ്ട്.

## (12) ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളുടെ ശോചനീയാവസ്ഥ

ശ്രീ. എ.എം. യൂസഫ് : ആലുവ നിയോജകമണ്ഡലത്തിൽ 137 ലിഫ്റ്റ് ഇറിഗേഷൻ സ്കീമുകളിലായി 345 മോട്ടോർ പമ്പ് സെറ്റുകൾ ഉണ്ട്. കാലപ്പഴക്കംമൂലം പമ്പുകൾ കേടായതിനാൽ സ്കീമുകളുടെ പ്രവർത്തനം മുടങ്ങിക്കിടക്കുകയാണ്. ആലുവയിൽ ഒരു മോട്ടോർ പമ്പ് റിപ്പയറിംഗ് വർക്ക്ഷോപ്പ് ആരംഭിക്കുന്നതിന് അടിയന്തിരമായി നടപടി സ്വീകരിക്കണം. കുടിവെള്ളത്തിന് ബുദ്ധിമുട്ടനുഭവിക്കുന്ന സ്ഥലങ്ങളിൽ വാഹനങ്ങളിൽ വെള്ളം എത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ) : ഏറ്റവും കൂടുതൽ പ്രയോജനം ചെയ്യുന്ന സ്കീമാണ് ലിഫ്റ്റ് ഇറിഗേഷൻ. 55 വർഷം വരെ പഴക്കമുള്ള മോട്ടോർ പമ്പ് സെറ്റുകളാണ് മിക്കവാറും ലിഫ്റ്റ് ഇറിഗേഷൻ പദ്ധതികളിലുള്ളത്. ഇവ മെയിന്റയിൻ ചെയ്യാൻ നോൺ-പ്ളാൻ ഫണ്ടിൽ പരിമിതമായ തുകയാണ് ലഭിക്കുന്നത്. ഈ തുക ഉപയോഗിച്ച് പമ്പുകൾ റിപ്പയർ ചെയ്യനോ റീപ്ളേസ് ചെയ്യാനോ സാധിക്കുകയില്ല. ഒരു റീവാമ്പിംഗ് പ്രോജക്ട് തയ്യാറാക്കി ധനകാര്യ വകുപ്പിന്റെ സജീവ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. ധനകാര്യ വകുപ്പിന്റെ അനുമതി ലഭിക്കുന്ന മുറയ്ക്ക് പണി ആരംഭിക്കുന്നതാണ്. 50,000 രൂപ വരെയുള്ള റിപ്പയർ ചെയ്യുന്നതിന് എ.എസ്. നൽകുന്നതിനുള്ള അധികാരം ഇപ്പോൾ ചീഫ് എഞ്ചിനീയർക്കാണ് അത് മാറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയർ തലത്തിൽ ആവശ്യമായ വർക്ക് അറേഞ്ച് ചെയ്യാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. അറ്റകുറ്റപ്പണികളുടെ മേൽനോട്ടം വഹിക്കുന്നതിനും കനാലുകളുടെ മെയിന്റനൻസ് ഉൾപ്പെടെയുള്ള കാര്യങ്ങൾ കാര്യക്ഷമമായി യഥാസമയം ചെയ്യുന്നതിനും കർഷക ഉപദേശക സമിതികൾ

രൂപീകരിച്ചിട്ടുണ്ട്. ഈ സമിതികൾക്ക് പഞ്ചായത്തുകളുടെ സഹകരണത്തോടെ കാര്യക്ഷമമായി പ്രവർത്തിക്കാവുന്നതാണ്.

(13) പാവപ്പെട്ടവർക്ക് വീടുവച്ചുനൽകുന്ന സ്കീമുകൾക്ക് അനുമതി

ശ്രീ. കെ.കെ. ജയചന്ദ്രൻ : ഐ.എ.വൈ. പ്രകാരം ത്രിതല പഞ്ചായത്തുകളിലെ വീടുകളുടെ നിർമ്മാണം സുഗമമാക്കുന്നതിനുവേണ്ടി 20.2.2008-ൽ പുറപ്പെടുവിച്ച ഓർഡർ പൊതുവേ സംസ്ഥാനത്തിന് ഗുണകരമാണെങ്കിലും ഇടുക്കി ജില്ലയിൽ വേണ്ടത്ര ഗുണം ലഭിച്ചിട്ടില്ല. 1993-ൽ നൽകിയ പട്ടയങ്ങൾ ബന്ധുക്കൾക്ക് മാത്രമേ കൈമാറ്റം ചെയ്യാൻ പാടുള്ളൂവെന്ന നിബന്ധനയുണ്ടെങ്കിലും നൂറുകണക്കിന് ആളുകൾ ഇത്തരം ഭൂമികളിൽ വീട് നിർമ്മിച്ച് താമസിക്കുന്നുണ്ട്. സി.എച്ച്.ആർ.-ന്റെ പരിധിയിൽപ്പെട്ട സ്ഥലത്ത് വർഷങ്ങളായി കൃഷി ചെയ്ത് ജീവിച്ചുവരുന്നവർക്ക് പട്ടയങ്ങൾ കൊടുക്കുന്നതിന് ഗവൺമെന്റ് തീരുമാനിക്കുകയും സുപ്രീം കോടതിയിൽ അഫിഡവിറ്റ് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ ഈ രണ്ട് മേഖലകളിലും വീടുകൾ നിർമ്മിക്കാൻ കഴിയാത്ത സാഹചര്യമാണുള്ളത്. മാർച്ച് 31-ാം തീയതിക്ക് മുമ്പായി ഇതുമായി ബന്ധപ്പെട്ട ജോലികൾ പൂർത്തിയാക്കേണ്ടതാണ്. അതുകൊണ്ട് ഇടുക്കി ജില്ലയ്ക്കുവേണ്ടി ഒരു പ്രത്യേക തീരുമാനം എടുക്കണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ) : ഇത് സംബന്ധിച്ച് ജില്ലാ കളക്ടർക്ക് ഇന്നലെയും നിർദ്ദേശം നൽകിയിരുന്നു. മന്ത്രിസഭ ഈ വിഷയം ഗൗരവമായി ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് ഡിപ്പാർട്ടുമെന്റിന്റെയും ത്രിതല സമിതികളുടെ വിവിധ പദ്ധതികളിലെ വീടുകളുടെയും നിർമ്മാണം തടസ്സപ്പെടുത്തരുതെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. വളരെ കുറച്ച് ഭൂമിയുള്ള പാവപ്പെട്ടവർ നിർമ്മിക്കുന്ന

വീടുകൾക്ക് അനുമതി നൽകണമെന്ന് ഉത്തരവ് ഇറക്കിയിട്ടുണ്ട്. ഇടുക്കി ജില്ലിയിൽ, പ്രത്യേകിച്ച് സി.എച്ച്.ആർ ഭൂമിയുടെ പ്രശ്നം ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ട്. പട്ടയം ഇല്ലാത്ത ഭൂമിയിൽ വീട്വച്ച് താമസിക്കുന്നവർക്ക് റേഷൻ കാർഡ് നൽകുന്നതിനും വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതിനും വൈദ്യുതി കണക്ഷൻ നൽകുന്നതിനുംവേണ്ടിയുള്ള ഇടുക്കി ജില്ലാകളക്ടറുടെ ഉത്തരവ് 17-1-2008-ൽ പുതുക്കുകയും ഭൂമി പതിവ് കമ്മിറ്റിയുടെ തീരുമാനത്തിന് വിധേയമായി ഇപ്പോൾ കൈവശ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുന്നുണ്ട്. പാവപ്പെട്ടവർക്ക് വീട് നിർമ്മിക്കുന്നതിന് തടസ്സം കൂടാതെ അനുമതി നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഏതെങ്കിലും സ്ഥലത്ത് പ്രശ്നമുണ്ടെങ്കിൽ അത് പ്രത്യേകം ശ്രദ്ധിക്കുന്നതാണ്.

(14) <u>കരമന ആറിലെ മലിനീകരണം</u>

<u>ശ്രീ. ജോർജ് മേഴ്സിയർ</u>: കരമനയാറിൽനിന്നുള്ള മലിനീകരണംമൂലം തിരുവല്ലം പരശുരാമക്ഷേത്രത്തിലെ ബലിതർപ്പണ ചടങ്ങുകളും ടൂറിസവും നീന്തൽ പരിശീലനവും നിലച്ചിരിക്കുകയാണ്. കഴിഞ്ഞവർഷം നടത്തിയ ശ്രമങ്ങൾ പൂർണ്ണമായും വിജയിച്ചിട്ടില്ല. ഇതിന് ശാശ്വത പരിഹാരം കണ്ടെത്തണം.

ജലവിഭവ വകുപ്പുമന്ത്രി (<u>ശ്രീ. എൻ.കെ. പ്രേമചന്ദ്രൻ)</u> : ഇക്കാര്യത്തിൽ താൽക്കാലിക പരിഹാരം കണ്ടെത്താൻ കഴിഞ്ഞെങ്കിലും വീണ്ടും അത് ആവർത്തിച്ചിരിക്കുകയാണ്. പൂന്തുറ പൊഴിക്ക് തെക്ക്ഭാഗത്ത് പനത്തുറക്കരയിൽ പുലിമുട്ടോടുകൂടി കടൽഭിത്തി നിർമ്മിച്ചും വലിയതുറ സീവേജ് ഫാമിലെ ട്രീറ്റ്മെന്റ് പ്ളാന്റ് പൂർണ്ണമായി പ്രവർത്തനക്ഷമമാക്കിയും മാത്രമേ ഇതിന് ശാശ്വത പരിഹാരം കണ്ടെത്താൻ സാധിക്കുകയുള്ളൂ. പൂന്തുറ പൊഴിക്ക് തെക്ക്ഭാഗത്ത് പനത്തുറക്കരയിൽ പുലിമുട്ടോടുകൂടി

കടൽഭിത്തി നിർമ്മാണത്തിന് ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി നിർദ്ദേശിച്ച പ്രകാരം നടപടി സ്വീകരിച്ചു. പുതിയ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് നടപ്പാക്കാൻ ആവശ്യമായ നടപടി തിരുവനന്തപുരം കോർപ്പറേഷനും വാട്ടർ റിസോഴ്സസ് ഡിപ്പാർട്ട്മെന്റും സംയുക്തമായി സ്വീകരിച്ചിട്ടുണ്ട്. തിരുവല്ലം പാർവ്വതി പുത്തനാറിന്റെ ഇടതുകൈവഴി കരമനയാറിൽ എത്തിച്ചേരുന്ന ഭാഗത്ത് താൽക്കാലിക തടയണ നിർമ്മിച്ച് മാലിന്യം തടയുന്നതിന് ഒരു പദ്ധതി തയ്യാറാക്കാൻ തിരുവനന്തപുരം ജലസേചന ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയറെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(15) <u>നാഷണൽ-സ്റ്റേറ്റ് ഹൈവേ റോഡുകളുടെ ഓപ്പൺ ഏരിയ സംബന്ധിച്ച ഉത്തരവ്</u>

<u>ശ്രീ. കെ.സി. ജോസഫ്</u>: നാഷണൽ ഹൈവേ, സ്റ്റേറ്റ് ഹൈവേ, എം.ഡി.ആർ. എന്നീ റോഡുകളുടെ കൺട്രോൾ ലൈൻ നിശ്ചയിക്കണമെന്ന നിർദ്ദേശം പി.ഡബ്ള്യു.ഡി. ചീഫ് എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. ഹൈവേ പ്രൊട്ടക്ഷൻ ആക്ട് അനുസരിച്ച് നോട്ടിഫിക്കേഷൻ ഫൈനലൈസ് ചെയ്യുന്നതിന് മുമ്പ് സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (<u>ശ്രീ. മോൻസ് ജോസഫ്</u>) : 1999-ലെ ഹൈവേ പ്രൊട്ടക്ഷൻ ആക്ട് പ്രകാരം വിജ്ഞാപനത്തിനുള്ള റിപ്പോർട്ടാണ് ഇപ്പോൾ തയ്യാറാക്കിയിരിക്കുന്നത്. പ്രധാനപ്പെട്ട റോഡുകളുടെ മധ്യത്തിൽനിന്ന് നിശ്ചിത ദൂരപരിധിയിൽ മാത്രമേ നിർമ്മാണ പ്രവർത്തനങ്ങൾ നടത്താവൂ എന്ന നിബന്ധന അടങ്ങുന്ന റിപ്പോർട്ടാണിത്. ബിൽഡിംഗ് ലൈനിന്റെയും കൺട്രോൾ ലൈനിന്റെയും ഇടയിലുള്ള സ്ഥലത്ത് പ്രവൃത്തികൾ നടത്തുന്ന തിന് ഹൈവേ അതോറിറ്റിയുമായി ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയ

റുടെ അനുമതി വേണമെന്ന് നിർദ്ദേശം ലഭിച്ചിട്ടുണ്ട്. ഇങ്ങനെ ഒരു വ്യവസ്ഥാപിത മാനദണ്ഡം വരുന്നുവെന്ന മനസിലായപ്പോൾ റോഡിന്റെ ഇരുവശങ്ങളിലും അനധികൃത നിർമ്മാണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. വർദ്ധിച്ചുവരുന്ന വാഹനപ്പെരുപ്പവും ഭാവി വികസനവും കണക്കിലെടുത്ത് അനധികൃത റോഡ് കയ്യേറ്റം തടയുന്നതിനുള്ള വ്യവസ്ഥ അത്യന്താപേക്ഷിതമാണ്. ജനങ്ങളുടെ ബുദ്ധിമുട്ടുകൾ പരമാവധി ഒഴിവാക്കിക്കൊണ്ടും വികസന കാര്യങ്ങൾ ഉറപ്പാക്കിക്കൊണ്ടും നടപ്പാക്കുക എന്നതാണ് ഗവൺമെന്റിന്റെ നിലപാട്. വിജ്ഞാപനം സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമാക്കുന്നതാണ്.

(16) ഭൂരഹിതർക്ക് ഭൂമി ലഭ്യമാക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. അടൂർ പ്രകാശ്: ചെങ്ങറയിലെ ഹാരിസൺ മലയാളം പ്ലാന്റേഷൻ തോട്ടത്തിൽ തൊഴിലാളികൾ കുടിൽ കെട്ടി നടത്തിവരുന്ന സമരം ഒത്തുതീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം. മുൻകാലങ്ങളിലുണ്ടാക്കിയ ഒത്തുതീർപ്പനുസരിച്ച് ഗവൺമെന്റ് നൽകിയ ഉറപ്പുകൾ പാലിക്കാത്തതുകൊണ്ടാണ് വീണ്ടും സമരം ആരംഭിച്ചിരിക്കുന്നത്. ചെങ്ങറയിലെ ഹാരിസൺ മലയാളം പ്ലാന്റേഷൻ എസ്റ്റേറ്റിൽ നിയമാനുസൃതമല്ലാതെ കയ്യേറി വച്ചിരിക്കുന്ന ഭൂമി തിരിച്ച് പിടിച്ച് അർഹരായ ഭൂരഹിതർക്ക് വിതരണം ചെയ്യണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): ഭൂമി ഇല്ലാത്ത അർഹതപ്പെട്ട എല്ലാവർക്കും ഭൂമി നൽകണമെന്നതാണ് ഗവൺമെന്റിന്റെ നയം. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം 3200-ലധികം ആദിവാസി കുടുംബങ്ങൾക്ക് ഒരേക്കർ ഭൂമി വീതം നൽകിക്കഴിഞ്ഞു. ഏപ്രിൽ, മേയ് മാസങ്ങളിൽ അദാലത്തുകൾ സംഘടിപ്പിച്ച് അർഹരായ മുഴുവൻ പേരേയും കണ്ടെത്തും. അനധികൃതമായ കയ്യേറ്റം അനുവദിക്കുകയില്ല. ആദിവാസി

സംഘടനാ പ്രതിനിധികളുമായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചർച്ച നടത്തി കൈക്കൊണ്ട തീരുമാനങ്ങൾ സമയബന്ധിതമായിത്തന്നെ നടപ്പിലാക്കും. അർഹരായ എല്ലാ ആദിവാസികൾക്കും ഭൂമി നൽകുന്ന ആദ്യസംസ്ഥാനം കേരളം ആയിരിക്കണമെന്നാണ് ആഗ്രഹിക്കുന്നത്. ചെങ്ങറ സമരം ഒത്തുതീർപ്പാക്കുന്നതിന് സർക്കാർ തലത്തിൽ നടത്തിയ ചർച്ചകളുടെ അടിസ്ഥാനത്തിൽ ഭൂമി വിതരണം ത്വരിതപ്പെടുത്തുന്നതാണ്. സമര സമിതിയുമായി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ അടുത്ത ആഴ്ച വീണ്ടും ചർച്ച നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

(17) <u>ഇടുക്കി ജില്ലാ ആശുപത്രിയുടെ ശോച്യാവസ്ഥ</u>

<u>ശ്രീ. റോഷി അഗസ്റ്റിൻ:</u> ഇടുക്കി ജില്ലാ ആശുപത്രിക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രി എന്നുള്ള യാതൊരു പരിഗണനയും ലഭിച്ചിട്ടില്ല. അവിടെ ഡോക്ടർമാരുടെ നിലവിലുള്ള ഒഴിവുകൾ നികത്തണം. കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി നടത്തണം. ഇടുക്കിയിൽ മഞ്ഞപ്പിത്തം, ചിക്കൻപോക്സ് തുടങ്ങിയ രോഗങ്ങൾ പടർന്ന് തുടങ്ങിയിട്ടുണ്ട്. ഇപ്പോൾ രോഗികൾ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയെയാണ് ആശ്രയിക്കുന്നത്. ഇടുക്കി ജില്ലാ ആശുപത്രിയുടെ ശോച്യാവസ്ഥ പരിഹരിക്കാൻ അടിയന്തിര നടപടികൾ സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി <u>(ശ്രീമതി പി.കെ. ശ്രീമതി ടീച്ചർ):</u> ഇടുക്കി ജില്ലാ ആശുപത്രിയുടെ സ്ഥിതി ഇപ്പോൾ താരതമ്യേന മെച്ചപ്പെട്ടിട്ടുണ്ട്. പി.എസ്.സി. മുഖാന്തിരം നിയമിക്കുന്ന ഡോക്ടർമാർ അവിടെ പോകാൻ തയ്യാറാകുന്നില്ല. ഉള്ള ഡോക്ടർമാർക്ക് ഓവർടൈം അലവൻസ് കൊടുത്താണ് ഇപ്പോൾ ജോലിചെയ്യിക്കുന്നത്. ഇപ്പോൾ അവിടെ ബ്ലഡ് ബാങ്ക് ആരംഭിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട്

കൂടുതൽ വികസന പ്രവർത്തനങ്ങൾ നടത്താൻ കഴിയുന്നതാണ്. മരുന്നുകളുടെ ക്ഷാമം പരിഹരിക്കാൻ ലോക്കൽ പർച്ചേസ് വഴി മരുന്ന് വാങ്ങിക്കുന്നതാണ്.

(18) കൊച്ചുവേളി സ്റ്റേഷനിൽനിന്ന് നേമം വരെ ട്രെയിനുകൾ നീട്ടേണ്ടതിന്റെ ആവശ്യകത

ശ്രീ. എൻ. ശക്തൻ: ചില ദീർഘദൂര ട്രെയിനുകൾ കൊച്ചുവേളി സ്റ്റേഷനിൽ യാത്ര അവസാനിപ്പിക്കുന്നതുമൂലം തമ്പാനൂർ ഭാഗത്ത് വരേണ്ട യാത്രക്കാർ വളരെ ബുദ്ധിമുട്ടുകയാണ്. നേമം റെയിൽവേ സ്റ്റേഷൻ വികസിപ്പിച്ച് കൊച്ചുവേളിയിൽ യാത്ര അവസാനിപ്പിക്കുന്ന ട്രെയിനുകൾ നേമം വരെ നീട്ടുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): തിരുവനന്തപുരം സെൻട്രൽ റെയിൽവേ സ്റ്റേഷന്റെ വികസനം സാദ്ധ്യമല്ലാതെവന്നതുമൂലം കൊച്ചുവേളിയെ രണ്ടാം ടെർമിനലായി വികസിപ്പിക്കാനാണ് തീരുമാനിച്ചത്. നേമത്ത് റെയിൽവേയ്ക്ക് 56 ഏക്കർ സ്ഥലമുണ്ട്. ചില ട്രെയിനുകൾ കൊച്ചുവേളി സ്റ്റേഷനിൽ യാത്ര അവസാനിപ്പിക്കുന്നതുമൂലം തമ്പാനൂരിന് തൊക്കോട്ടുള്ള യാത്രക്കാർക്ക് അനുഭവപ്പെടുന്ന ബുദ്ധിമുട്ടുകൾ കണക്കിലെടുത്ത് നേമത്ത് ഒരു സാറ്റലൈറ്റ് സ്റ്റേഷൻ ആരംഭിക്കുന്നതിന് കേന്ദ്രഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതാണ്.

(19) പെൻഷൻ ചട്ടങ്ങൾ നടപ്പിലാക്കൽ

ശ്രീ. എ.എം. ആരീഫ്: അഡ്വക്കേറ്റ്സ് ക്ലാർക്കുമാർക്ക് ക്ഷേമനിധിയിൽ നിന്നുള്ള ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുകയും പെൻഷൻ റൂൾസ് നടപ്പിലാക്കുകയും ചെയ്യണം.

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ): അഡ്വക്കേറ്റ്സ് ക്ലാർക്കുമാർക്ക് പെൻഷൻ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ നൽകുന്നതിനുള്ള ഒരു ആക്ട് 2002-ൽ നിലവിൽ വന്നെങ്കിലും ചട്ടങ്ങൾ ഇതുവരെ പുറപ്പെടുവിച്ചിട്ടില്ല. 2002 മുതൽ 2004 വരെ മരണപ്പെട്ട അഡ്വക്കേറ്റ്സ് ക്ലാർക്കുമാരുടെ ആശ്രിതർക്ക് സഹായം നൽകിയിട്ടുണ്ട്. ക്ഷേമനിധിയിൽ നിന്നുള്ള ആനുകൂല്യം ഒരു ലക്ഷം രൂപയിൽനിന്ന് രണ്ട് ലക്ഷം രൂപയാക്കി ഉയർത്താൻ തീരുമാനിച്ചിട്ടുണ്ട്.

(20) റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മാണം

ശ്രീ. കെ.കെ. ദിവാകരൻ: പാലക്കാട് വിക്ടോറിയ കോളേജിനടുത്ത് ചുണ്ണാമ്പുതറ റെയിൽവേ ഓവർബ്രിഡ്ജിന്റേയും അതിനു താഴെയുള്ള സർവ്വീസ് റോഡിന്റേയും പണികൾ പൂർത്തിയാക്കാൻ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): പാലക്കാട് വിക്ടോറിയ കോളേജിനടുത്ത് ചുണ്ണാമ്പുതറ റെയിൽവേ ഓവർബ്രിഡ്ജിന്റെ പണി ഏകദേശം പൂർത്തിയായി. സർവ്വീസ് റോഡിന്റെ പണി അറേഞ്ച് ചെയ്യാൻ കഴിഞ്ഞിട്ടില്ല. എസ്റ്റിമേറ്റ് തയ്യാറാക്കി വർക്ക് അറേഞ്ച് ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പണികൾ എത്രയുംവേഗം പൂർത്തീകരിക്കുന്നതാണ്.

(21) പട്ടികജാതി /പട്ടികവർഗ്ഗ സംവരണം.

ശ്രീ. ടി.എൻ. പ്രതാപൻ: സർക്കാർ നേരിട്ട് ശമ്പളം കൊടുക്കുന്ന എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ എസ്.സി/എസ്.ടി, വിഭാഗങ്ങൾക്കും മറ്റു പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങൾക്കും അദ്ധ്യാപക-

അനദ്ധ്യാപക നിയമനങ്ങളിൽ നിലവിലുള്ള സംവരണതത്വം പാലിക്കാൻ നടപടി സ്വീകരിക്കണം.

<u>ശ്രീ. ബി. രാഘവൻ:</u> സർക്കാർ നേരിട്ട് ശമ്പളം കൊടുക്കുന്ന എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനങ്ങൾക്കും നിയമനങ്ങൾക്കും സംവരണതത്വം ഉറപ്പാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരിക കാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എം.എ. ബേബി):</u> സർക്കാർ ശമ്പളം കൊടുക്കുന്ന എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പട്ടികജാതി വിഭാഗത്തിന് 0.28 ശതമാനവും -പട്ടികവർഗ്ഗ വിഭാഗത്തിന് 0.05 ശതമാനവും സംവരണമാണ് ലഭ്യമാകുന്നത്. സമൂഹത്തിന്റെ താഴെത്തട്ടിലുള്ള അഭ്യസ്തവിദ്യർക്ക് കിട്ടേണ്ട ജോലിയാണ് ഇതുമൂലം നിഷേധിക്കപ്പെട്ടിരിക്കുന്നത്. ഇക്കാര്യം എയ്ഡഡ് സ്ക്കൂൾ മാനേജർമാരോട് സംസാരിച്ച് എന്തു ക്രമീകരണമുണ്ടാക്കാൻ കഴിയുമെന്ന് നോക്കാം. മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഇതിനാവശ്യമായ ചർച്ച കെ.ഇ.ആർ. പരിഷ്കരണ നിർദ്ദേശങ്ങളുടെ കൂട്ടത്തിൽ നടത്തുന്നതാണ്. ഖജനാവിൽനിന്ന് ശമ്പളം കൊടുക്കുന്ന എല്ലാ സ്ഥാപനങ്ങളും നിയമനങ്ങളിൽ സംവരണതത്വം പാലിക്കുന്നതിനുതകുന്ന വിധത്തിലുള്ള ഒരു നിയമം കേന്ദ്രഗവണ്മെന്റ് പാസ്സാക്കേണ്ടതാണ് എന്നുള്ള അഭിപ്രായം ഈ സഭയുടെ പൂർണ്ണ സമ്മതത്തോടുകൂടി കേന്ദ്ര ഗവണ്മെന്റിൽ സമർപ്പിക്കാൻ കഴിയണം. എങ്കിൽ മാത്രമേ പ്രസ്തുത പ്രശ്നത്തിന് പരിഹാരമുണ്ടാക്കാൻ കഴിയുകയുള്ളൂ. പ്രസ്തുത വിഷയം സഭയുടെ പൊതുവിഷയമായി കണക്കിലെടുത്തുകൊണ്ട് സംസ്ഥാനഗവണ്മെന്റിന് ചെയ്യാൻ കഴിയുന്ന എല്ലാ കാര്യങ്ങളും ചെയ്യാൻ ശ്രമിക്കുന്നതാണ്.

(22) പത്താം തരം 'എ' ലെവൽ പരീക്ഷാകേന്ദ്രങ്ങൾ.

ശ്രീ. കെ.ടി. ജലീൽ: പല കാരണങ്ങളാലും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോകാൻ കഴിയാതെ വരികയും ഇടയ്ക്കു വച്ച് പഠനം നിർത്തുകയും ചെയ്യുന്ന വിദ്യാർത്ഥികൾ എഴുതുന്ന പത്താം തരം 'എ' ലെവൽ പരീക്ഷാ കേന്ദ്രങ്ങൾ താലൂക്കടിസ്ഥാനത്തിൽ ഏർപ്പെടുത്താനും ഇത്തരത്തിൽ പരീക്ഷ എഴുതുന്നവരുടെ ഫീസ് പകുതിയായി കുറയ്ക്കുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസവും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം.എ. ബേബി): പത്താം ക്ലാസ്സിൽ 'എ' ലെവൽ പരീക്ഷ എഴുതുന്നവർക്കായി മലപ്പുറം ജില്ലയിൽ ഇപ്പോൾ മൂന്ന് പരീക്ഷാ കേന്ദ്രങ്ങളുണ്ട്. ഇത് ഒരു ബ്ളോക്കിൽ ഒരു പരീക്ഷാകേന്ദ്രം എന്ന രീതിയിൽ അനുവദിക്കുന്ന കാര്യം ഗവണ്മെന്റ് പരിശോധിക്കുന്നതാണ്. ഒന്നാം ബാച്ചിന്റെ പരീക്ഷാ ഫീസ് 800 രൂപയിൽ നിന്ന് 600 രൂപയായും രണ്ടാം ബാച്ചിന്റെ ഫീസ് 500 രൂപയായും കുറച്ചിരിക്കുകയാണ്. കോഴ്സ് ഫീസ്, പരീക്ഷാ ഫീസ്, പാഠപുസ്തകങ്ങളുടെ വില എന്നിവ ചേർത്ത് 1700 രൂപയേ ഈടാക്കുകയുള്ളൂ. ജൂലായ് മാസത്തിൽ നടത്താൻ തീരുമാനിച്ചിരുന്ന പത്താം തരം 'എ' ലെവൽ പരീക്ഷ ഏപ്രിൽ മാസത്തിൽ നടത്താൻ പരമാവധി ശ്രമിക്കുന്നതാണ്.

(23) മരാമത്ത് റോഡുകളുടെ സംരക്ഷണം.

ശ്രീ. ബാബു എം. പാലിശ്ശേരി: മഴവെള്ളം കെട്ടിനിന്ന് ഗട്ടറുകൾ രൂപപ്പെടുന്നതിനാലും കനാലുകളിൽ മണ്ണ് നികന്ന് വെള്ളം കയറുന്നതിനാലും സംസ്ഥാനത്തെ റോഡുകൾ ഗതാഗതയോഗ്യമല്ലാതായി

തീരുന്നതിന്റെ ഫലമായി റിപ്പയറിംഗിന് ഭീമമായ തുക ചെലവഴിക്കുന്ന സാഹചര്യം സംസ്ഥാനത്ത് നിലവിലുണ്ട്. അതുകൊണ്ട് തദ്ദേശ ഭരണസ്ഥാപനങ്ങളുടെ കീഴിൽ എൻ.എം.ആർ. സംവിധാനം പുനസ്ഥാപിച്ചോ നിബന്ധനകൾക്ക് വിധേയമായി കോൺട്രാക്ട് അടിസ്ഥാനത്തിൽ റോഡുകൾ റിപ്പയർ ചെയ്യുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയോ റോഡുകൾ റിപ്പയർ ചെയ്യുന്നതിന് ഒരു സ്ഥിരം സംവിധാനം ഉണ്ടാക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

മരാമത്ത് വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): റോഡുകളിൽ വെള്ളം കെട്ടിനിൽക്കാതെ ഒഴുകിപ്പോകാൻ കഴിയുന്ന നിലയിൽ വരുന്ന മഴക്കാലത്തിനു മുമ്പായി കലുങ്കുകളും ഓടകളും വൃത്തിയാക്കുന്നതിനുള്ള കർമ്മപരിപാടി അടിയന്തിരമായി നടപ്പാക്കുന്നതാണ്. റോഡുകളിലുള്ള കുഴികൾ അടയ്ക്കുന്നതിനും അറ്റകുറ്റപ്പണികൾ പൂർത്തിയാക്കുന്നതിനും ഫലപ്രദമായ നടപടികൾ സ്വീകരിക്കുകയും ഭൂരിഭാഗം റോഡുകളും ഗതാഗതയോഗ്യമാക്കുകയും ചെയ്തിട്ടുണ്ട്. വർഷങ്ങളായി റീടാറിംഗ് നടത്താത്ത സഞ്ചാരയോഗ്യമല്ലാത്ത സംസ്ഥാനത്തൊട്ടാകെയുള്ള പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ വരുന്ന റോഡുകളുടെ ലിസ്റ്റ് തയ്യാറാക്കി ഉപരിതലം പുതുക്കുന്ന പ്രവൃത്തികൾ നടപ്പാക്കാനുള്ള തീരുമാനം എടുക്കുന്നതാണ്. വീതിയുള്ള റോഡുകളിൽ ഡ്രെയിനേജ് സിസ്റ്റം നടപ്പാക്കുന്നതിന് മുൻഗണന നൽകുന്നതാണ്.

(24) പാറമടകളുടെ പ്രവർത്തനം.

ശ്രീ. എം.എം. മോനായി: കുന്നത്തുനാട് നിയോജകമണ്ഡലത്തിൽ യാതൊരു മാനദണ്ഡവും പാലിക്കാതെയും സുരക്ഷിതത്വ നടപടികൾ സ്വീകരിക്കാതെയും പ്രവർത്തിക്കുന്ന പാറമടകൾ വലിയ

ദുരന്തങ്ങളുണ്ടാക്കുന്നുണ്ട്. ഇത്തരം പാറമടകളുടെ പ്രവർത്തനം നിയന്ത്രിക്കുന്നതിന് നിയമനിർമ്മാണം നടത്തുകയും നിയമത്തിന്റെ മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോ എന്ന് ഉറപ്പുവരുത്താനായി ഉദ്യോഗസ്ഥരും ജനപ്രതിനിധികളും അടങ്ങുന്ന ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കുകയും ചെയ്യണം.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ.പി. രാജേന്ദ്രൻ): സംസ്ഥാനത്ത് ഭൂരിപക്ഷം ക്വാറികളും നിയമവിരുദ്ധമായും അനുമതിയില്ലാതെയുമാണ് പ്രവർത്തിക്കുന്നത്. ഇതു സംബന്ധിച്ച് ഗവണ്മെന്റ് ചർച്ച നടത്തുകയും നിയമവിരുദ്ധമായി പ്രവർത്തിക്കുന്ന എല്ലാ ക്വാറികളും നിർത്തലാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. റവന്യൂ, തദ്ദേശ ഭരണ സ്ഥാപനങ്ങൾ, മൈനിംഗ് ആന്റ് ജിയോളജി, മലിനീകരണ നിയന്ത്രണ ബോർഡ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥർ അടങ്ങിയ സംഘം ക്വാറികൾ പരിശോധിച്ച് നിയമനടപടികൾ സ്വീകരിക്കണമെന്നും സംസ്ഥാനത്ത് പ്രവർത്തിക്കുന്ന എല്ലാ കരിങ്കൽ ക്വാറികളുടെയും വിശദാംശങ്ങൾ അതാത് റവന്യൂ വില്ലാജാഫീസർമാർ ശേഖരിച്ച് ബന്ധപ്പെട്ട തദ്ദേശ ഭരണസ്ഥാപനങ്ങളിലെ സെക്രട്ടറി മുഖാന്തിരം ജില്ലാ കളക്ടർക്ക് റിപ്പോർട്ട് നൽകണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. പാറമടകളുടെ പ്രവർത്തനം ശക്തമായി നിയന്ത്രിക്കുന്നതിനും അപകടങ്ങൾ ഉണ്ടാകുന്നത് ഒഴിവാക്കുന്നതിനുമായി സംസ്ഥാന മനുഷ്യാവകാശ കമ്മിഷന്റെ ശുപാർശകൾ പരിശോധിച്ച് നിയമങ്ങളിലും ചട്ടങ്ങളിലും ആവശ്യമായ ഭേദഗതി വരുത്തേണ്ടതുണ്ട്. സംസ്ഥാനത്തെ പാറമടകളുടേയും ഖനികളുടേയും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന വ്യവസായ വകുപ്പിന്റെ കീഴിൽ ഒരു ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ബന്ധപ്പെട്ട മറ്റു വകുപ്പുകളിൽ

നിന്നുള്ള ശുപാർശകൾ കിട്ടിക്കഴിഞ്ഞാൽ ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

(25) പൊന്മള പഞ്ചായത്ത് ഓഫീസിനു നേരെ ആക്രമണം.

ശ്രീ. എം. ഉമ്മർ: ബി.പി.എൽ. പട്ടികയിൽ ക്രമക്കേടുണ്ടെന്ന് ആരോപിച്ചുകൊണ്ട് സി.പി.ഐ.(എം) ഏരിയ സെക്രട്ടറിയുടെ നേതൃത്വത്തിൽ നൂറോളം പ്രവർത്തകർ മലപ്പുറം നിയോജകമണ്ഡലത്തിലെ പൊന്മള പഞ്ചായത്ത് ഓഫീസിൽ അതിക്രമിച്ചു കയറി ജീവനക്കാരെ മർദ്ദിക്കുകയും ഫയലുകളും ഫർണിച്ചറുകളും നശിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത സംഭവത്തിന് ഉത്തരവാദികളായവർക്കെതിരെ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിനോദസഞ്ചാരവും വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): ക്രമക്കേട് ഒഴിവാക്കി അർഹരായ മുഴുവൻ കുടുംബങ്ങളെയും ബി.പി.എൽ. ലിസ്റ്റിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മലപ്പുറം പൊന്മള ഗ്രാമ പഞ്ചായത്ത് ഓഫീസിലേയ്ക്ക് ഇന്നലെ അറുപതിലധികം വരുന്ന ആളുകൾ മാർച്ച് നടത്തി. പഞ്ചായത്ത് ഓഫീസിന് മുന്നിലെത്തിയ മാർച്ച് പോലീസ് തടഞ്ഞതിൽ പ്രകോപിതരായ ഏതാനും പ്രവർത്തകർ ഓഫീസിൽ കയറി നാല് പ്ലാസ്റ്റിക് കസേര നശിപ്പിച്ചു. പോലീസ് ഇടപെട്ട് അനിഷ്ടസംഭവങ്ങൾ ഒഴിവാക്കിയിട്ടുള്ളതാണ്. ഈ സംഭവത്തിൽ ഇൻഡ്യൻ ശിക്ഷാ നിയമപ്രകാരവും പി.ഡി.പി.പി. ആക്ട് പ്രകാരവും മലപ്പുറം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 12-3-08-ന് രാത്രി തന്നെ പ്രതികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. അവരെ കോടതിയിൽ ഹാജരാക്കുന്നതിനുള്ള നിയമനടപടികൾ സ്വീകരിച്ചുവരുന്നു.

**റിപ്പോർട്ട് സമർപ്പണം.**

അനൗദ്യോഗിക പ്രമേയങ്ങളും ബില്ലുകളും സംബന്ധിച്ച സമിതിയുടെ പത്താമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

**റിപ്പോർട്ട് പരിഗണന.**

പ്രിവിലേജസ്, എഥിക്സ് എന്നിവ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

**ക്രമപ്രശ്നം.**

**ബഡ്ജറ്റ് എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് അവതരിപ്പിക്കാത്തത് സംബന്ധിച്ച്**

ശ്രീ. കെ.സി. ജോസഫ്: ബഡ്ജറ്റിന്റെ പൊതുചർച്ചാവേളയിൽ പ്രഖ്യാപിച്ച ആനുകൂല്യങ്ങളെ സ്വാഗതം ചെയ്യുന്നു. അതനുസരിച്ച് ബഡ്ജറ്റ് എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് അവതരിപ്പിക്കേണ്ടതായിരുന്നു.. ഇന്നലത്തെ പ്രഖ്യാപനമനുസരിച്ച് എത്ര രൂപയാണ് അധിക ചെലവുണ്ടാകുന്നതെന്നും വർഷാന്ത്യ രൊക്ക ബാക്കി എത്രയാണെന്നും സഭയ്ക്ക് അറിയണം. ഓരോ നിയോജകമണ്ഡലത്തിലേയും വർക്കുകൾക്ക് നിലവിലുള്ള ഫണ്ട് കൂടാതെ രണ്ട് കോടി രൂപ വീതം അനുവദിക്കും എന്ന പ്രസ്താവന തെറ്റിദ്ധാരണയുണ്ടാക്കുന്ന രീതിയിലാണ് മാധ്യമങ്ങളിൽ വന്നിട്ടുള്ളത്. അത് ക്ളാരിഫൈ ചെയ്യണം.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്): ഒരു വർക്ക് പോലുമില്ലാത്ത മണ്ഡലങ്ങളും ധാരാളം വർക്കുകളുള്ള മണ്ഡലങ്ങളുമുള്ളതുകൊണ്ട് എല്ലാ നിയോജകമണ്ഡലങ്ങളിലും മിനിമം രണ്ടു കോടി രൂപയുടെയെങ്കിലും പൊതുമരാമത്ത് വർക്ക് അനുവദിക്കുന്നതാണ് എന്നാണ് പറഞ്ഞത്. പ്രോജക്ടുകൾ വേഗത്തിൽ

തീർക്കുന്ന മണ്ഡലങ്ങളിൽ വീണ്ടും എ.എസ്. കൊടുക്കും. ഇന്നലെ പ്രഖ്യാപിച്ച ആനുകൂല്യങ്ങൾക്കുള്ള തുക സപ്ളിമെന്ററി ഡിമാൻഡ് ഫോർ ഗ്രാന്റ്സ് വഴി ഉൾപ്പെടുത്തുന്നതാണ്. ക്ലോസിംഗ് ബാലൻസ് 627.4 കോടി രൂപയാണ്. 5 കോടി രൂപ നികുതി നഷ്ടം നികത്തുന്നതിനും ഒരു കോടി രൂപ സ്പോർട്ട്സിനും 50 ലക്ഷം രൂപ ഹൈക്കോടതി ബഞ്ച് അനുവദിക്കുമ്പോൾ ചെലവഴിക്കുന്നതിനുമായി ആകെ 6.5 കോടി രൂപ അധികമായി വരുന്നു. അതുംകൂടി ചേർത്ത് വർഷാന്ത്യ കമ്മി 633.9 കോടി രൂപയാണ്. ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷനില്ലെങ്കിലും ഓരോ ഡിപ്പാർട്ടുമെന്റിനും അതാത് ഹെഡ് ഓഫ് അക്കൗണ്ടിൽ പണമുണ്ട്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

## നിയമനിർമ്മാണകാര്യം

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2007-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബിൽ

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ.ഗുരുദാസൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ.ഗുരുദാസൻ): കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബിൽ 2000-ലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് നിയമസഭയിൽ അവതരിപ്പിച്ചുവെങ്കിലും

അന്ന് പാസ്സാക്കാൻ കഴിഞ്ഞില്ല. വീണ്ടും കഴിഞ്ഞ വർഷം നിയമസഭയിൽ അവതരിപ്പിക്കുകയും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കുകയും ചെയ്ത പ്രസ്തുത ബിൽ 5 ഹെക്ടറിൽ താഴെയുള്ള തോട്ടങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് ക്ഷേമസൗകര്യങ്ങൾ നൽകുന്നതിനുവേണ്ടിയുള്ളതാണ്. റബ്ബർ, കാപ്പി, ഏലം, തേയില, ഓയിൽപാം, കൊക്കോ, കശുവണ്ടി തുടങ്ങിയ ചെറുകിട തോട്ടങ്ങളിൽ പണിയെടുക്കുന്ന രണ്ടുലക്ഷത്തിലധികം വരുന്ന തൊഴിലാളികളുടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനു തകുന്നതാണ് ഈ ബിൽ.

ശ്രീ. ടി.പി. കുഞ്ഞുണ്ണി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 എ ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനും ജനങ്ങളുടെ അവകാശങ്ങളും ക്ഷേമവും സംരക്ഷിക്കുന്നതിനും തുല്യപ്രാധാന്യം നൽകുകയാണ് എൽ.ഡി.എഫ്. സർക്കാരിന്റെ പൊതുനയം. തൊഴിലാളി ക്ഷേമനിധിയിൽ വരാത്ത മുഴുവൻ തൊഴിലാളികളേയും ക്ഷേമനിധിയിൽ കൊണ്ടുവരിക എന്ന ലക്ഷ്യത്തോടുകൂടിയാണ് ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബിൽ കൊണ്ടുവന്നിട്ടുള്ളത്. കേരളത്തിൽ റബ്ബർ, തേയില, ഏലം, കാപ്പി, കൊക്കോ, എണ്ണപ്പന എന്നീ ചെറുകിട മേഖലകളിൽ പണിയെടുക്കുന്ന രണ്ടുലക്ഷത്തോളം വരുന്ന തൊഴിലാളികൾക്ക് പ്രയോജനം ലഭിക്കുകയും നിരവധി ക്ഷേമ ആനുകൂല്യങ്ങളും പെൻഷനും ഉറപ്പുവരുത്തുകയും ചെയ്യുന്ന ഈ ബില്ലിന്റെ പരിധിയിൽ അര ഹെക്ടർവരെയുള്ള ഭൂമിയിൽ സ്വന്തമായി കൃഷി ചെയ്തുവരുന്ന തോട്ടം ഉടമകളും വരുന്നുണ്ട്. ഈ ക്ഷേമനിധിയിലേയ്ക്കുള്ള

അംശദായം 300 രൂപയാണ്. തൊഴിലാളികളുടെ അംശദായത്തോടൊപ്പം തോട്ടം ഉടമകളുടേയും ഗവൺമെന്റിന്റേയും വിഹിതം കൃത്യമായി നിക്ഷേപിക്കുന്നതിനും യഥാസമയം അവർക്ക് പെൻഷനും മറ്റ് ആനുകൂല്യങ്ങളും കൊടുത്തുതീർക്കുന്നതിനും ഗവൺമെന്റ് ജാഗ്രത കാണിക്കണം. വർഷങ്ങളോളം പഴക്കമുള്ള തേയില, എലം, കാപ്പി തുടങ്ങിയ കേരളത്തിലെ മിക്ക തോട്ടങ്ങളിലും റീപ്ലാന്റേഷൻ അനിവാര്യമാണ്. ഇതിന് കേന്ദ്രഗവൺമെന്റിന്റെ സഹായം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതുണ്ട്. അസംഘടിതരായ ചെറുകിട തോട്ടം തൊഴിലാളികളുടെ മിനിമം കൂലി പുതുക്കി നിശ്ചയിക്കുകയും ഗ്രാറ്റുവിറ്റി യഥാസമയം വിതരണം ചെയ്യുകയും അവരുടെ ലയങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കുകയും വിദ്യാഭ്യാസം, ആരോഗ്യം, വെള്ളം, വെളിച്ചം തുടങ്ങിയ കാര്യങ്ങളിൽ അനുകൂലാവസ്ഥയുണ്ടാക്കിക്കൊടുക്കുകയും ചെയ്യുന്നതിന് മാനേജുമെന്റിൽ സമ്മർദ്ദം ചെലുത്തണം. അമിതമായ കീടനാശിനി പ്രയോഗംമൂലം മാരകരോഗത്തിനടിമകളാകുന്ന തൊഴിലാളികൾക്ക് ആശ്വാസം നൽകാൻ കഴിയണം.

ശ്രീമതി ജെ. അരുന്ധതി: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. കേരളത്തിലെ ചെറുകിട തോട്ടങ്ങളിൽ പണിയെടുക്കുന്ന തൊഴിലാളികൾക്കുള്ള ആനുകൂല്യങ്ങളാണ് ഈ ബില്ലിലുള്ളത്. സാധാരണ ജനങ്ങൾക്കുള്ളതു പോലെയുള്ള ജീവിതസാഹചര്യങ്ങൾക്കും കുട്ടികളുടെ വിദ്യാഭ്യാസം, ഭക്ഷണം, ചികിത്സ,

വിവാഹ ആഘോഷങ്ങൾ എന്നിവയ്ക്കും ആവശ്യമായ ആനുകൂല്യങ്ങൾ നൽകണം. അവർക്ക് മിനിമം വേതനം, ഇ.എസ്.ഐ. ആനുകൂല്യങ്ങൾ എന്നിവ സമയബന്ധിതമായി നൽകണം. റീപ്ലാന്റേഷൻ നടത്തുന്നതിന് നടപടി സ്വീകരിക്കണം. തോട്ടം ഉടമകൾ, കമ്പനി, ട്രസ്റ്റ് എന്നിവയെ തൊഴിലാളി ക്ഷേമനിധിയുടെ പരിധിയിൽ കൊണ്ടുവരുമെന്നുപറയുന്നതും തോട്ടം നിർമ്മാണത്തിന് ധനസഹായം നൽകുമെന്ന് പറയുന്നതും സ്വാഗതാർഹമാണ്. തൊഴിലാളി ക്ഷേമനിധിയിലേയ്ക്കുള്ള ഉടമകളുടെ വിഹിതം വില്ലേജ് ഓഫീസ് മുഖേന ഈടാക്കാനാവശ്യമായ ഭേദഗതിയുണ്ടാകണം. ക്ഷേമനിധി ബോർഡിൽ ചെയർമാനും ഡിപ്പാർട്ടുമെന്റിന്റെ പരിജ്ഞാനമുള്ള ഒരു സെക്രട്ടറിയുമുണ്ടാകണം. 14 ജില്ലകളിലും തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡുമായി ബന്ധപ്പെട്ട് ജില്ലാ ഓഫീസുകൾ വരേണ്ടത് അത്യാവശ്യമാണ്. അതതു സർവ്വീസ് സഹകരണ സംഘങ്ങളിൽ തൊഴിലാളികളുടെ വിഹിതം അടയ്ക്കുന്നതിനുള്ള സൗകര്യമുണ്ടാകുന്നത് നന്നായിരിക്കും. തൊഴിലാളി മരിച്ചുകഴിഞ്ഞാൽ ഭാര്യക്ക് പെൻഷൻ ലഭിക്കുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തണം. 14 ജില്ലകളിലും രൂപീകരിക്കപ്പെടുന്ന ക്ഷേമനിധി ബോർഡ് രണ്ട് മാസത്തിലൊരിക്കലെങ്കിലും യോഗം ചേരുകയും ആവശ്യമായ നിർദ്ദേശങ്ങളും തീരുമാനങ്ങളും ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്യുന്നതിനുള്ള നിർദ്ദേശം നൽകണം.

<u>ശ്രീ. ആര്യാടൻ മുഹമ്മദ്</u>: ബില്ലിനെ സ്വാഗതം ചെയ്യുന്നു. ഏകദേശം രണ്ട് ലക്ഷത്തോളം വരുന്ന ചെറുകിട തോട്ടം തൊഴിലാളികൾക്ക് സംരക്ഷണം നൽകുന്നതാണ് ഈ ബിൽ. മറ്റു മേഖലകളിലെ തൊഴിലാളികളെ അപേക്ഷിച്ച് തോട്ടം മേഖലയിലെ തൊഴിലാളികൾക്ക്

ആനുകൂല്യങ്ങളും വേതനവും കുറവാണ്. റബ്ബറിന് കിലോയ്ക്ക് 22 രൂപയുണ്ടായിരുന്നപ്പോൾ യു.ഡി.എഫ്. ഗവൺമെന്റ് ആ മേഖലയിലെ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കി നിശ്ചയിച്ചുവെങ്കിലും തോട്ടം മുതലാളിമാരുടെ മർക്കടമുഷ്ടികാരണം അത് അനുവദിക്കാൻ കഴിഞ്ഞില്ല. ഉല്പന്നങ്ങൾക്ക് കൂടുതൽ വില ലഭിച്ചാലും തൊഴിലാളികൾക്ക് ആനുകൂല്യം നൽകുന്നില്ല. അതിന് ഗവൺമെന്റും തൊഴിലാളി സംഘടനകളും ഒരുമിച്ച് പ്രവർത്തിക്കേണ്ടതുണ്ട്. ഈ പ്രതികൂല സാഹചര്യത്തിലും 5 ഹെക്ടറിൽ താഴെയുള്ള ചെറുകിട തൊഴിലാളികൾക്ക് ഒരു ക്ഷേമനിധി കൊണ്ടുവന്നത് സന്തോഷകരമാണ്. രണ്ട് ലക്ഷത്തോളം ചെറുകിട തോട്ടം തൊഴിലാളികളാണുള്ളത്. തൊഴിലാളികൾ ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കേണ്ട വിഹിതം തോട്ടം ഉടമകൾ തൊഴിലാളികളുടെ വേതനത്തിൽ നിന്ന് കട്ട് ചെയ്ത് അടയ്ക്കാനുള്ള പ്രൊവിഷൻ വേണം. തോട്ടം തൊഴിലാളികൾ ക്ഷേമനിധിയിലേയ്ക്ക് അടയ്ക്കേണ്ടതിന് തത്തുല്യമായ തുക സർക്കാർ നൽകണം. ഏഴാം വകുപ്പിലെ (2) ഉപവകുപ്പ് എടുത്ത് കളയണം. ഒൻപതാം വകുപ്പിൽ പറയുന്ന ഉദ്യോഗസ്ഥരുടെ നിയമനകാര്യം പി.എസ്.സി-ക്ക് വിടണം.

ശ്രീ. ടി.പി. കുഞ്ഞുണ്ണി അവതരിപ്പിച്ച ഭേദഗതിയും ശ്രീമതി ജെ. അരുന്ധതി അവതരിപ്പിച്ച ഭേദഗതിയും സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2007-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു .

ബിൽ പരിഗണനയ്ക്കെടുത്തു.

## രണ്ടാം വകുപ്പ്

ശ്രീ. വി.ഡി. സതീശൻ : 112-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എ.പി. അനിൽകുമാർ : 113-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ടി.എൻ. പ്രതാപൻ : 114-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് : 115-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : 116,122 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ : 119, 123 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ പി.കെ. ഗുരുദാസൻ) : ഖണ്ഡം 2 (ഡി)-യിൽ "കരുതേണ്ടതാണ്" എന്നതിനു പകരം "കരുതേണ്ടതുമാണ്" എന്നും ഖണ്ഡം 2(എച്ച്)-ൽ "എന്നിവ കൃഷി ചെയ്യുന്നതിനായി" എന്നതിനു പകരം "എന്നിവയിലൊന്നോ അതിലധികമോ എന്ന് ചേർക്കുക " എന്നീ ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കുന്നു. ഈ ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ടി.എൻ. പ്രതാപൻ അവതരിപ്പിച്ച ഖണ്ഡം 2(ഇ)യിൽ "തോട്ടം തൊഴിലാളിയുടെ" എന്നു തുടങ്ങി "പെൺമക്കൾ" എന്നുവരെയുള്ള ഭാഗം താഴെ പറയുംപ്രകാരം മാറ്റുക. "ഒരു തോട്ടം തൊഴിലാളിയുടെ ഭാര്യയോ ഭർത്താവോ പ്രായപൂർത്തിയാകാത്ത ആൺമക്കളോ വിവാഹം കഴിയാത്ത പെൺമക്കളോ" എന്ന 114-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച ഖണ്ഡം 2(എൽ) -ൽ "ആക്ടി (1951-ലെ 69-ാം കേന്ദ്ര

ആക്ട്)-ന് കീഴിലുള്ള” എന്നതിനുപകരം “ആക്ടിൽ (1951-ലെ 69-ാം കേന്ദ്ര ആക്ട്) നിർവഹിച്ച പ്രകാരമുള്ള” എന്നു ചേർക്കുക. എന്ന 119-ാം നമ്പർ ഭേദഗതിയും ഖണ്ഡം 2 (എം) വിശദീകരണത്തിൽ “അന്തിമമായിരിക്കുന്നതാണ്” എന്നതിനു പകരം “അന്തിമമായിരിക്കുന്നതുമാണ്” എന്നു ചേർക്കുക എന്ന 123-ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും ശ്രീ. ടി.എൻ. പ്രതാപൻ അവതരിപ്പിച്ച 114-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. ശിവദാസൻ നായർ അവതരിപ്പിച്ച 119, 123 എന്നീ നമ്പർ ഭേദഗതികളും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

### 3-ാം വകുപ്പ്

ശ്രീ. വി.ഡി. സതീശൻ : 124-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് : 134-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ടി.എൻ. പ്രതാപൻ : 136-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: 142-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ പി.കെ. ഗുരുദാസൻ): ഖണ്ഡം 3 -ൽ "ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി പദ്ധതി" എന്നതിന് പകരം "കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി പദ്ധതി" എന്നും. ഖണ്ഡം 3 (4) (ഇ)-യിൽ "മറ്റേതെങ്കിലും മാർഗ്ഗത്തിൽ" എന്നീ വാക്കുകൾക്ക് പകരം "മറ്റേതെങ്കിലും നിയമാനുസൃത മാർഗ്ഗത്തിൽ" എന്നീ വാക്കുകൾ ചേർക്കുക എന്നുള്ള ഔദ്യോഗിക ഭേദഗതികൾ അവതരിപ്പിക്കുന്നു. ഔദ്യോഗിക ഭേദഗതികൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച 134-ാം നമ്പർ ഭേദഗതിയിലെ (2) "ആശ്രിതന്റെ മരണത്തോടനുബന്ധിച്ച് "എന്നതിനു പകരം "അംഗത്തിന്റേയോ ആശ്രിതന്റേയോ മരണത്തോടനുബന്ധിച്ച്" എന്ന ഭാഗവും ശ്രീ. ടി. എൻ. പ്രതാപൻ അവതരിപ്പിച്ച ഖണ്ഡം 3 (5) (എഫ്)-ൽ

(1) "തോട്ടം തൊഴിലാളികൾക്കും" എന്നീ വാക്കുകൾക്കുപകരം "അംഗങ്ങൾക്കും" എന്ന് ചേർക്കുക.

(2) "സൗകര്യങ്ങളും" എന്ന പദം എവിടെയെല്ലാം പ്രത്യക്ഷപ്പെടുന്നുവോ അവിടെയെല്ലാം അതിനുപകരം "ആനുകൂല്യങ്ങളും" എന്നു ചേർക്കുക എന്ന 136-ാം നമ്പർ ഭേദഗതിയും സ്വീകാര്യമാണ്. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതികളും ശ്രീ. ആര്യാടൻ മുഹമ്മദ് അവതരിപ്പിച്ച 134-ാം നമ്പർ ഭേദഗതിയിലെ രണ്ടാമത്തെ ഭാഗവും

ശ്രീ. ടി.എൻ. പ്രതാപൻ അവതരിപ്പിച്ച 136-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു. മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതിചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**4-ാം വകുപ്പ്**

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**5-ാം വകുപ്പ്**

ശ്രീ. റോഷി അഗസ്റ്റിൻ : 146, 158, 163 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : 147, 152, 164 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. ജോർജ് മേഴ്സിയർ : 150, 156 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ : 149-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. മുരളി : 168-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ പി.കെ. ഗുരുദാസൻ) :ഖണ്ഡം 5(3)-ൽ "കൂടാതെ" എന്ന വാക്ക് നീക്കം ചെയ്യുക എന്ന ഭേദഗതി വാക്കാൽ ഭേദഗതിയായി അവതരിപ്പിക്കുന്നു. ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ സഭ നിരാകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള 5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**6-ാം വകുപ്പ്**

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: 170-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : 173, 174, 178 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ : 179-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ പി.കെ. ഗുരുദാസൻ) : ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**7-ാം വകുപ്പ്**

ശ്രീ. വി.ഡി. സതീശൻ : 182, 190, 197 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. തോമസ് ഉണ്ണിയാടൻ : 183-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

പ്രൊഫ.എൻ. ജയരാജ് : 184-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : 185-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ടി.എൻ. പ്രതാപൻ : 188-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ പി.കെ. ഗുരുദാസൻ) : ഭേദഗതികൾ സ്വീകാര്യമല്ല

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**8-ാം വകുപ്പ്**

ശ്രീ. ജോർജ് മേഴ്സിയർ : 199-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എ.പി. അനിൽ കുമാർ: 200-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ജോസഫ് എം. പുതുശ്ശേരി : 207-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ പി.കെ. ഗുരുദാസൻ) : ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**9-ാം വകുപ്പ്**

ശ്രീ. ജോർജ് മേഴ്സിയർ : 208-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ് : 209-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ പി.കെ. ഗുരുദാസൻ) : "ഉദ്യോഗസ്ഥൻമാരുടേയും ജീവനക്കാരുടേയും നിയമനം എന്ന തലക്കെട്ടിനുശേഷം (1) എന്ന സബ് ക്ളാസ് ചേർക്കണമെന്ന വാക്കാൽ ഭേദഗതി അവതരിപ്പിക്കുന്നു. ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.. മറ്റ് ഭേദഗതികൾ സ്വീകാര്യമല്ല.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

ഭേദഗതിചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

ഭേദഗതിചെയ്ത പ്രകാരമുള്ള 9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**10-ാം വകുപ്പ്**

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി : 214-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ പി.കെ. ഗുരുദാസൻ) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി അവതരിപ്പിച്ച ഖണ്ഡം 10-ൽ "നിറവേറ്റുന്നതിനാവശ്യമായ എന്തു തുകയും" എന്നീ വാക്കുകൾക്കു പകരം "നിറവേറ്റുന്നതിനാവശ്യമായ തുക" എന്നീ വാക്കുകൾ ചേർക്കുക. എന്ന :214-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്..

ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

ഭേദഗതിചെയ്ത പ്രകാരമുള്ള 10-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**11-ാം വകുപ്പ്**

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

11-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**12-ാം വകുപ്പ്**

ശ്രീ. കെ മുഹമ്മദുണ്ണി ഹാജി : 216-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ : 223-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. വി.ഡി. സതീശൻ : 226-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : 227-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ പി.കെ. ഗുരുദാസൻ) :ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**13-ാം വകുപ്പ്**

ശ്രീ. ജോസഫ് എം. പുതുശ്ശേരി : 230-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ പി.കെ. ഗുരുദാസൻ) : ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**14 മുതൽ 16 വരെയുള്ള വകുപ്പുകൾ**

14 മുതൽ 16 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

14 മുതൽ 16 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

**17-ാം വകുപ്പ്**

ശ്രീ. എം. മുരളി : 231-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. എം. ഉമ്മർ : 236-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ : 237-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ടി.എൻ. പ്രതാപൻ : 238-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

ശ്രീ. ജോർജ് മേഴ്സിയർ :242-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ പി.കെ. ഗുരുദാസൻ) : ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ നിരാകരിക്കപ്പെടുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെടുകയോ ചെയ്തു.

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു

17-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**<u>18 മുതൽ 21 വരെയുള്ള വകുപ്പുകൾ</u>**

18 മുതൽ 21 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

18 മുതൽ 21 വരെയുള്ള വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

**<u>22-ാം വകുപ്പ്</u>**

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി</u> :243, 244 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ.പി.കെ. ഗുരുദാസൻ</u>) : ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

22-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**<u>23-ാം വകുപ്പ്</u>**

23-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

23-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**<u>24-ാം വകുപ്പ്</u>**

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി</u> :245-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ.പി.കെ. ഗുരുദാസൻ</u>) : ഭേദഗതി സ്വീകാര്യമല്ല.

ഭേദഗതി സഭ നിരാകരിച്ചു.

24-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

24-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>25-ാം വകുപ്പ്</u>

<u>ശ്രീ.വി.ഡി. സതീശൻ</u> : 246-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

<u>ശ്രീ.എം. മുരളി</u> : 247-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ.പി.കെ. ഗുരുദാസൻ</u>): ശ്രീ. എം. മുരളി അവതരിപ്പിച്ച ഖണ്ഡം 25(2) ൽ ''സഭ'' എന്നതിനു പകരം ''നിയമസഭ'' എന്നു ചേർക്കുക എന്ന 247-ാം നമ്പർ ഭേദഗതി സ്വീകാര്യമാണ്. 246-ാം നമ്പർ ഭേദഗതി സ്വീകാര്യമല്ല.

ശ്രീ. എം. മുരളി അവതരിപ്പിച്ച 247-ാം നമ്പർ ഭേദഗതി സഭ അംഗീകരിച്ചു.

ശ്രീ. വി.ഡി. സതീശൻ അവതരിപ്പിച്ച 246-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള 25-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതിചെയ്ത പ്രകാരമുള്ള 25-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>26-ഉം 27-ഉം വകുപ്പുകൾ</u>

26-ഉം 27-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

26-ഉം 27-ഉം വകുപ്പുകൾ ബില്ലിന്റെ ഭാഗമായി.

<u>28-ാം വകുപ്പ്</u>

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (<u>ശ്രീ.പി.കെ. ഗുരുദാസൻ</u>) : താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

28-ാം വകുപ്പിൽ ''വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം-'' എന്നതിനുശേഷം സബ് സെക്ഷൻ ''(1)'' എന്ന് ചേർക്കണം. ഭേദഗതി അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മന്ത്രി അവതരിപ്പിച്ച ഔദ്യോഗിക ഭേദഗതി സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 28-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 28-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 29-ാം വകുപ്പ്

29-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

29-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 1-ാം വകുപ്പും പീഠികയും പേരും

ശ്രീ. എം. മുരളി: 107, 108 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ശിവദാസൻ നായർ: 109-ാം നമ്പർ ഭേദഗതി അവതരിപ്പിക്കുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.പി.കെ. ഗുരുദാസൻ): ഭേദഗതികൾ സ്വീകാര്യമല്ല.

ഭേദഗതികൾ സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. പി.കെ. ഗുരുദാസൻ): 2007-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബിൽ പാസ്സാക്കണം എന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): പ്രമേയത്തെ പിന്താങ്ങുന്നു.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.പി.കെ. ഗുരുദാസൻ): ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ അംഗങ്ങളും ഈ നിയമത്തെ സർവ്വാത്മനാ പിന്തുണച്ചു എന്നുള്ളത് സന്തോഷകരമായ കാര്യമാണ്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേന്ദ്ര ഗവൺമെന്റിൽ ശക്തമായ സമ്മർദ്ദം ചെലുത്തിയതിന്റെ ഫലമായി അടഞ്ഞുകിടന്ന 19 തോട്ടങ്ങളിൽ 11 എണ്ണം പൂർണ്ണമായും ഒരെണ്ണം ഭാഗികമായും തുറന്നു പ്രവർത്തിപ്പിക്കാൻ കഴിഞ്ഞു. ഇടുക്കി ജില്ലയിൽ രണ്ട് തോട്ടങ്ങൾ തുറക്കുന്നതിന് ആവശ്യമായ സമ്മർദ്ദം ചെലുത്തിവരികയാണ്. കേന്ദ്ര ഗവൺമെന്റിന്റെ ഈ വർഷത്തെ ബഡ്ജറ്റിൽ റബ്ബർ, തേയില, കാപ്പി, ഏലം തുടങ്ങിയ നാണ്യവിളകളുടെ പുനരുദ്ധാരണത്തിനുവേണ്ടി നിശ്ചയിച്ചിട്ടുള്ള തുക അപര്യാപ്തമായതിനാൽ ആവശ്യമായ തുക അനുവദിക്കണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഹൈക്കോടതിയുടെ സ്റ്റേ ഉണ്ടായിട്ടുപോലും തോട്ടം മേഖലയിൽ 2006 ഫെബ്രുവരിയിൽ മിനിമം വേജസ് പുതുക്കി നിശ്ചയിക്കുകയുണ്ടായി. വീണ്ടും മിനിമം വേജസ് പുതുക്കി നിശ്ചയിക്കുന്നതിനുള്ള നടപടികളുമായി മുന്നോട്ടുപോകുകയാണ്. അടഞ്ഞുകിടന്ന തോട്ടം തൊഴിലാളികളുടെ ലയങ്ങളുടെ അറ്റകുറ്റപ്പണികൾക്കായി ഒരുകോടി രൂപ അനുവദിച്ചു. പ്ലാന്റേഷൻ ലേബർ ആക്ട് നടപ്പിലാക്കുന്നതിനുള്ള കർശന നടപടികളുമായി മുന്നോട്ടുപോകുകയാണ്. 5 ഹെക്ടറിൽ താഴെയുള്ള തോട്ടം തൊഴിലാളികൾക്ക് സഹായം ലഭിക്കുന്നില്ല. അവർക്ക് കുടുംബ പെൻഷനും വിവാഹ സഹായം നൽകുന്ന പദ്ധതിയും വിജയകരമായി നടപ്പിലാക്കാൻ

കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ചെറുകിട തോട്ടം തൊഴിലാളികളുടെ അംശദായത്തിന്റെ നേർപകുതി അടയ്ക്കാൻ സംസ്ഥാന ഗവൺമെന്റ് സന്നദ്ധമാണ്. ഈ നിയമനിർമ്മാണം വിജയപ്രദമാക്കുന്നതിന് സഹകരിച്ച എല്ലാപേരേയും അനുമോദിക്കുകയാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : പൂട്ടിക്കിടന്ന തോട്ടങ്ങൾ തുറന്നു പ്രവർത്തിപ്പിക്കുന്നതിന് കേന്ദ്ര ഗവൺമെന്റിൽനിന്നും ധാരാളം സഹായങ്ങൾ ലഭിച്ചിട്ടുണ്ട്. തോട്ടം തൊഴിലാളികളുടെ ഉന്നമനത്തിനും അവരുടെ പ്രശ്ന പരിഹാരങ്ങൾക്കും ഈ നിയമം ഉപകരിക്കണം. നിയമനങ്ങൾ പബ്ളിക് സർവ്വീസ് കമ്മിഷന് വിടുമെന്നുള്ള ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ നയപരമായ തീരുമാനംകൂടി ഇതിൽ കൂട്ടിച്ചേർക്കണം. ഈ ബില്ലിനെ അനുകൂലിക്കുന്നു.

ശ്രീ.ജോസഫ് എം. പുതുശ്ശേരി : ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാപേരും ഒരുപോലെ അംഗീകരിക്കുന്ന ഒരു നിയമമാണിത്. ക്ഷേമനിധി ബോർഡ് ചെലവ് പരമാവധി കുറച്ച് തൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യം നൽകാൻ തയ്യാറാകണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ.പി.കെ. ഗുരുദാസൻ): സംസ്ഥാനത്തെ നാണ്യവിളകൾക്ക് അർഹമായ സഹായം നൽകാൻ കേന്ദ്ര ഗവൺമെന്റിന് ബാധ്യതയുണ്ട്. കേന്ദ്ര സഹായ പദ്ധതികൾ ഇനിയും ആവശ്യപ്പെടുന്നതാണ്. ഈ ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

: 2007-ലെ കേരള ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബിൽ പാസ്സാക്കണം എന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ ഐകകണ്ഠ്യേന പാസ്സാക്കി.

# താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും അനന്തരഘട്ടങ്ങളും

## 2008-ലെ കേരള ധനവിനിയോഗ ബില്ലും 2008-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ മുതൽ 15-ാം നമ്പർ വരെയുള്ള) ബില്ലുകളും

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : 2008-ലെ കേരള ധനവിനിയോഗ ബില്ലും 2008-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ മുതൽ 15-ാം നമ്പർ വരെയുള്ള) ബില്ലുകളും അവതരിപ്പിക്കുന്നു.

മി. സ്പീക്കർ : ബില്ലുകൾ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ഡോ. തോമസ് ഐസക്) : 2008-ലെ കേരള ധനവിനിയോഗ ബില്ലും 2008-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ മുതൽ 15-ാം നമ്പർ വരെയുള്ള) ബില്ലുകളും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗതാഗതവും പ്രിന്റിംഗും സ്റ്റേഷനറിയും വകുപ്പുമന്ത്രി (ശ്രീ.മാത്യു ടി. തോമസ്) : പ്രമേയത്തെ പിന്താങ്ങുന്നു.

പ്രൊഫ.എൻ. ജയരാജ്: ധനവിനിയോഗ ബില്ലുകളെ എതിർക്കുന്നു. ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റിൽ പല മാനദണ്ഡങ്ങളും കൺവെൻഷൻസുമൊക്കെ മാറ്റിവച്ചിട്ടാണ് സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ മുന്നോട്ടു വച്ചിട്ടുള്ളത്. ഫിസ്കൽ ഡെഫിസിറ്റിനെക്കുറിച്ച് ആശങ്കയില്ലാതെ മൂലധനച്ചെലവ് വർദ്ധിപ്പിച്ചുകൊണ്ട് സംസ്ഥാനത്തിന്റെ വികസനം ത്വരിതപ്പെടുത്താൻ കഴിയുമെന്നുള്ളത് ധനകാര്യ വകുപ്പുമന്ത്രിയുടെ വെറും പ്രതീക്ഷ മാത്രമാണ്. ആഭ്യന്തര ഉല്പാദനത്തിന്റെ 4 ശതമാനം മാത്രമുള്ള പദ്ധതിച്ചെലവുകൊണ്ട് സമ്പത് വ്യവസ്ഥയുടെ വളർച്ച ത്വരിതപ്പെടുത്താനോ സ്വകാര്യ മൂലധനത്തെ ആശ്രയിക്കാതെ മുന്നോട്ടുപോകാനോ കഴിയുകയില്ല.

ചില അടിസ്ഥാന മേഖലയിൽ വളരെ അവ്യക്തമായിട്ടാണ് അദ്ദേഹത്തിന്റെ ഡെവലപ്മെന്റ് സ്ട്രാറ്റജി കടന്നുപോകുന്നത്. ഈ വർഷത്തെ സംസ്ഥാന ബഡ്ജറ്റിലും പബ്ളിക് എക്സ്പെൻഡിച്ചർ റിവ്യൂ കമ്മിറ്റി റിപ്പോർട്ടിലും റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയുടെ സംസ്ഥാന ബഡ്ജറ്റിനെക്കുറിച്ചുള്ള സ്റ്റഡി റിപ്പോർട്ടിലും കേരളത്തിന്റെ സാമ്പത്തിക നില നല്ല തലത്തിലേയ്ക്കല്ല കടന്നുപോകുന്നത് എന്ന് കാണാം. ഉല്പാദന-സേവന മേഖലകളിൽ നിന്ന് ടാക്സ് പിരിക്കുന്ന രീതിയിൽ നിന്നും വ്യത്യസ്തമായി സേവന മേഖലകളിൽ നിന്നുമാത്രം ടാക്സ് കളക്ട് ചെയ്യുമ്പോൾ ബഡ്ജറ്റ് വിഭാവന ചെയ്യുന്ന രീതിയിൽ എത്തുമോയെന്ന ആശങ്കയുണ്ട്. ലക്ഷ്യം കൈവരിക്കാനുള്ള സാമ്പത്തികമായ ശക്തിസ്രോതസ്സ് സംസ്ഥാനത്തിനുണ്ടോയെന്നും ഒട്ടനവധി ക്ഷേമ സങ്കൽപ്പങ്ങൾ യാഥാർത്ഥ്യമാകുമോയെന്നും സംശയിക്കേണ്ടിയിരിക്കുന്നു.

<u>ശ്രീ. ജോർജ് എം. തോമസ്സ്:</u> ധനവിനിയോഗ ബില്ലുകളെ അനുകൂലിക്കുന്നു. കേരളത്തിന്റെ സാമൂഹ്യനീതി, സമഗ്ര വികസനം എന്നീ സങ്കൽപ്പങ്ങളെ കൂട്ടിച്ചേർത്ത് മുന്നോട്ടുപോകുന്ന സർക്കാരാണിത്. സാമൂഹ്യക്ഷേമ മേഖലകളിൽ നീതി നടപ്പാക്കുന്നതിന് കൂടുതൽ ഊന്നൽ കൊടുത്തപ്പോൾ കേരളത്തിന്റെ സമ്പദ്ഘടനയും വളർച്ചയും താരതമ്യേന അവഗണിക്കപ്പെടുകയായിരുന്നു. ആഗോളവൽക്കരണത്തിന്റെയും സാമ്പത്തിക മൂലധനത്തിന്റെയും അനിയന്ത്രിതമായ കടന്നുകയറ്റംമൂലം രാജ്യം ഇന്ന് കടുത്ത സാമ്പത്തിക പ്രതിസന്ധിയിലാണ്. കർഷകർ ഉൾപ്പെടെ അസംഘടിത മേഖലയിലെ തൊഴിലാളികളുടെ പെൻഷൻ പ്രതിമാസം 200 രൂപയാക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. സംസ്ഥാനത്തിന്റെ വിവിധ മേഖലകളുടെ വികസനത്തിനായി പരിധിയില്ലാതുള്ള മൂലധനമാണ് നീക്കിവ

ച്ചിരിക്കുന്നത്. പാഴ്ച്ചെലവുകൾ പൂർണ്ണമായി നിയന്ത്രിച്ചും നികുതിപിരിവ് കുറ്റമറ്റ രീതിയിൽ ക്രമീകരിച്ചും കേന്ദ്ര ധനസഹായം നേടിയെടുത്തും മെച്ച പ്പെട്ട ധനകാര്യ മാനേജ്മെന്റിന് ഈ സർക്കാർ മാതൃകയാകുന്നത് ശ്ലാഘനീ യമാണ്. റവന്യൂ കമ്മിയും ധനകമ്മിയും കുറഞ്ഞുവരുകയാണ്. കഴിഞ്ഞ ബഡ്ജറ്റ് പ്രഖ്യാപനങ്ങളെല്ലാം ലക്ഷ്യത്തിലെത്തിക്കാൻ ഈ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. സംസ്ഥാനത്തെ വ്യാവസായിക വികസനത്തെ തുരങ്കം വയ്ക്കുന്ന രീതിയിൽ പരിസ്ഥിതി-മതമൗലികവാദികളുമായി ചേർന്ന് സമരരം ഗത്തേയ്ക്കിറങ്ങാനാണ് പ്രതിപക്ഷം ശ്രമിക്കുന്നത്. മദ്രസ അദ്ധ്യാപ കർക്കും മുസ്ളീം പെൺകുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിനും ബഡ്ജറ്റിൽ ധനസഹായം അനുവദിച്ചത് സ്വാഗതാർഹമാണ്. കേന്ദ്ര ഗവൺമെന്റ് പിന്തുടരുന്ന തെറ്റായ സാമ്പത്തിക നയങ്ങൾക്കുള്ള ബദലെന്ന നിലയിൽ ഇൻഡ്യയ്ക്കും മൂന്നാംലോക രാജ്യങ്ങൾക്കും മാതൃകയായി വികസനപ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകുന്ന വളരെ വ്യക്തമായ ദിശാബോധത്തോടു കൂടിയ ബഡ്ജറ്റാണ് ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ചത്.

<u>ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി:</u> ധനവിനിയോഗ ബില്ലുകളെ എതിർക്കുന്നു. ധനവിനിയോഗത്തിലെ കെടുകാര്യസ്ഥത വെളിവാക്കുന്ന, കാര്യക്ഷമമല്ലാത്ത ഒരു ധനമാനേജ്മെന്റാണ് ബഡ്ജറ്റിലൂടെ ദൃശ്യമാവുന്നത്. പഞ്ചായത്തുകൾക്ക് കഴിഞ്ഞ വർഷം അനുവദിച്ച പദ്ധതിത്തുകയിലെ 30 ശതമാനം മാത്രമാണ് ജനുവരി മാസംവരെ ചെലവഴിക്കാൻ സാധിച്ചത്. പാവപ്പെട്ടവരുടെ വീടുകൾ നന്നാക്കി നൽകാൻ പോലും പഞ്ചായത്തുകൾക്ക് കഴിഞ്ഞിട്ടില്ല. മദ്രസ നവീകരണത്തിനുള്ള ഫണ്ട് കാര്യക്ഷമമായി ഉപയോഗപ്പെടുത്തിയിട്ടില്ല. കൊണ്ടോട്ടി മോയിൻകുട്ടി വൈദ്യർ

സ്മാരകത്തിന് തുക വകയിരുത്തുകയും ഗ്രാന്റ് വർദ്ധിപ്പിക്കുകയും വേണം. ഹജ്ജ് ഹൗസിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാക്കുന്നതിന് സംസ്ഥാന ഗവൺമെന്റിന്റെ വിഹിതം ബഡ്ജറ്റിൽ വകയിരുത്തണം. കേരളത്തിൽ നിന്നുള്ള 1700-ഓളം പേർക്ക് മാർച്ച് 14 മുതൽ സംസം വെള്ളം എത്തിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവെങ്കിലും അത് മറിച്ചുവിറ്റുവെന്നുള്ള അപവാദപ്രചരണങ്ങൾ ഉണ്ടായത് നിർഭാഗ്യകരമാണ്.

<u>ശ്രീ. എൻ. രാജൻ:</u> ധനവിനിയോഗ ബില്ലുകളെ അനുകൂലിക്കുന്നു. സംസ്ഥാനത്ത് പല പദ്ധതികളും പൂർത്തീകരിക്കുന്നതിൽ കാലതാമസം നേരിടുമ്പോൾ ഖജനാവിന് നഷ്ടമുണ്ടാകുന്നു. മാത്രവുമല്ല, ഇത് ധനവിനിയോഗത്തിലെ കീഴ്വഴക്കങ്ങളും മാനദണ്ഡങ്ങളും കാറ്റിൽപറത്തി അഴിമതി വർദ്ധിക്കുന്നതിന് ഇടവരുത്തുന്നു. ധനവിനിയോഗത്തിനുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തി പദ്ധതികളുടെ നടത്തിപ്പിലെ കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. സർക്കാർ കെ.എസ്.ടി.പി. വർക്കുകൾ പൂർത്തീകരിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. എൽ.ഡി.എഫ് ഗവണ്മെന്റ് ജനകീയ പങ്കാളിത്തത്തോടുകൂടി നടപ്പിലാക്കിയ ജനകീയാസൂത്രണ പദ്ധതി യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ കേരള വികസന പദ്ധതി എന്ന പേരിൽ കൊണ്ടുവന്നു. ജനപങ്കാളിത്തമോ ജനസ്വാധീനമോ ഇല്ലാത്ത ആ പദ്ധതി പരാജയപ്പെട്ടു. തുടർന്ന് അധികാരത്തിൽ വന്ന എൽ.ഡി.എഫ്. സർക്കാർ ജനപങ്കാളിത്തത്തോടെ വീണ്ടും ആ പദ്ധതി നടപ്പിലാക്കാൻ പോവുകയാണ്. പാവപ്പെട്ടവർക്ക് വീടും ഭൂമിയും ലഭ്യമാക്കുന്നതിന് 'ഒരു കൊച്ചുവീട് ഒരു തുണ്ടു ഭൂമി പദ്ധതി' നടപ്പിലാക്കാൻ പോകുന്നു. ഈ പദ്ധതി പല തട്ടുകളായി

വരുമ്പോഴുണ്ടാകുന്ന തടസ്സങ്ങൾ ഇല്ലാതാക്കണം. പട്ടികജാതി/പട്ടിക വർഗ്ഗങ്ങൾക്കു വേണ്ടിയുള്ള പദ്ധതികൾ ഈ ബഡ്ജറ്റിൽ ആവിഷ്ക്കരിച്ചിട്ടുണ്ട്. കേരളം സമ്പൂർണ്ണ വൈദ്യുതിവൽക്കരിച്ച സംസ്ഥാനമായി പ്രഖ്യാപിക്കാൻ പോവുകയാണ്. തൊഴിലുറപ്പു പദ്ധതി എല്ലാ ജില്ലകളിലും നടപ്പിലാക്കുമെന്നും പ്രഖ്യാപിച്ചിട്ടുണ്ട്. പദ്ധതികൾ പഞ്ചായത്തുകളെ ഏൽപ്പിക്കുമ്പോൾ മോണിറ്ററിംഗ് നടത്തുന്നതിനായി ജനപ്രതിനിധികൾ അടങ്ങുന്ന താലൂക്ക്/മണ്ഡലം/ജില്ലാ തല മോണിറ്ററിംഗ് കമ്മിറ്റികൾ ഉണ്ടാക്കണം. കേന്ദ്ര പദ്ധതിയായ ഭക്ഷ്യ സുരക്ഷാ പദ്ധതി കേരളത്തിലെ എല്ലാ ജില്ലകളിലും നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിക്കണം. കേന്ദ്രാവിഷ്ക്കൃത പദ്ധതികൾ നടപ്പാക്കുമ്പോൾ സംസ്ഥാനത്ത് ആ പദ്ധതികൾ പരാജയപ്പെട്ടു പോകാനിടയുള്ള സാഹചര്യം ഒഴിവാക്കാൻ കേന്ദ്രാവിഷ്കൃത പദ്ധതി അനുവദിക്കുന്നതിലെ നോംസിൽ അതാതു സംസ്ഥാനത്തിലെ സാഹചര്യം കണക്കിലെടുത്ത് വേണ്ട മാറ്റങ്ങൾ വരുത്താൻ കേന്ദ്രസർക്കാരിൽ സമ്മർദ്ദം ചെലുത്തണം. സംസ്ഥാനത്ത് നെൽക്കൃഷി 8.50 ലക്ഷം ഹെക്ടറിൽനിന്നും 2.50 ലക്ഷം ഹെക്ടറായി കുറഞ്ഞിരിക്കുകയാണ്. കർഷകത്തൊഴിലാളികളുടെ പെൻഷൻ വർദ്ധിപ്പിച്ചു. നെൽക്കൃഷി പ്രോത്സാഹിപ്പിക്കാൻ കാർഷിക സർവ്വകലാശാല വികസിപ്പിച്ചെടുത്ത സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തണം.

ശ്രീ. എ. എ. അസീസ് : ധനവിനിയോഗ ബില്ലുകളെ അനുകൂലിക്കുന്നു. ക്ഷേമനിധി പെൻഷൻ 200 രൂപയായി വർദ്ധിപ്പിച്ചതിനെ സ്വാഗതം ചെയ്യുന്നു. കർഷകത്തൊഴിലാളികൾക്കുള്ള പെൻഷൻ തദ്ദേശഭരണ സ്ഥാപനങ്ങൾ വഴിയാണ് നൽകുന്നത്. കശുവണ്ടി, തഴപ്പായ, നെയ്ത്ത് തൊഴിലാളികൾക്ക് പെൻഷൻ ക്ഷേമനിധി ഓഫീസ് വഴി നേരിട്ട് കൊടുക്കുകയാണ്. അത്

ബാങ്ക്‌വഴി നൽകണമെന്ന് പറയുമ്പോൾ ബാങ്കിൽ അക്കൗണ്ട് തുറക്കേണ്ടിവരും. അക്കൗണ്ട് തുറക്കാൻ 500 രൂപ കൊടുക്കണം. പി. എഫ്. ആക്ടിന്റെ പരിധിയിൽവരുന്ന വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികൾ 1995-ൽ പാർലമെന്റ് പാസ്സാക്കിയ നിയമമനുസരിച്ച് പി. എഫ്. പെൻഷന് അർഹരാണ്. അവർക്ക് തന്നെയാണ് കേരള ഗവൺമെന്റും പെൻഷൻ നൽകുന്നത്. ക്ഷേമനിധി ബോർഡ് വഴിയാണ് പെൻഷൻ നൽകുന്നത്. അതിനാൽ ഇക്കാര്യത്തിൽ ഓവർലാപ്പിംഗ് വരാതെയും കിട്ടിക്കൊണ്ടിരിക്കുന്ന പെൻഷന് ഭംഗം വരാതെയും പെൻഷൻ നൽകാനുള്ള നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. ടി. ജലീൽ</u> : ധനവിനിയോഗ ബില്ലുകളെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ സാമ്പത്തിക പുരോഗതി ലക്ഷ്യമാക്കിക്കൊണ്ടുള്ള ബഡ്ജറ്റാണിത്. സംസ്ഥാനത്തിന്റെ രണ്ട് വരുമാന സോഴ്സുകളാണ് കൊമേഴ്സ്യൽ ടാക്സും സ്റ്റാമ്പ് ഡ്യൂട്ടിയും. പരിമിതമായ വിഭവ സമാഹരണം വച്ചുകൊണ്ട് വികസനത്തിന്റെ ഒരു പുതിയ ലോകം സൃഷ്ടിക്കാൻ ശ്രമിക്കുകയാണ്. ആഭ്യന്തര വരുമാനത്തിന്റെ 63 ശതമാനവും ചെലവഴിക്കുന്നത് സേവന മേഖലയ്ക്കാണ്. കേന്ദ്ര ഗവൺമെന്റ് ഈടാക്കുന്ന സേവന നികുതിയുടെ അമ്പത് ശതമാനം സംസ്ഥാനങ്ങൾക്ക് നൽകണമെന്ന് നിയമസഭ ഏകകണ്ഠമായി ഒരു പ്രമേയം പാസ്സാക്കി പതിമൂന്നാം ഫൈനാൻസ് കമ്മീഷന് അയച്ചുകൊടുക്കണം.മൂലധനച്ചെലവുകൾക്ക് പരിമിതിയില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സാമ്പത്തിക പരിമിതികൾക്കിടയിലും ഓരോ നിയോജകമണ്ഡലത്തിലും രണ്ട് കോടി രൂപയുടെ വർക്ക് അനുവദിച്ചിട്ടുണ്ട്. കുറ്റിപ്പുറം നിയോജകമണ്ഡലത്തിലെ തിരുനാവായയിലെ ഗതാഗതക്കുരുക്ക് ഒഴിവാക്കാനായി ഒരു റെയിൽവേ മേൽപ്പാലം നിർമ്മിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം.

കോൺട്രാക്ടർമാർക്ക് കൊടുക്കാനുള്ള കുടിശ്ശിക കൊടുത്തുതീർക്കാൻ നടപടി സ്വീകരിക്കണം.

ശ്രീ. റ്റി. യു. കുരുവിള : ധനവിനിയോഗ ബില്ലുകളെ അനുകൂലിക്കുന്നു. ഓരോ നിയോജകമണ്ഡലത്തിലെയും വർക്കുകൾക്ക് എ.എസ്. കൊടുത്തുകൊണ്ടിരിക്കുകയാണ്. അതിന് എസ്. എസ്. കൂടി കൊടുത്താൽ മാത്രമേ ടി. എസ്. കൊടുത്ത് ടെൻഡർ നടപടികൾ സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. ബഡ്ജറ്റിൽ 12.25 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. ഇത് വർദ്ധിപ്പിക്കണം. പൂർത്തിയാക്കാത്ത വർക്കുകൾ വീണ്ടും തുടങ്ങണമെങ്കിൽ കോൺട്രാക്ടർമാർക്ക് കൊടുക്കാനുള്ള കുടിശ്ശികകൾ യഥാസമയം നൽകി സ്തംഭനാവസ്ഥ ഒഴിവാക്കണം. പ്ളാസ്റ്റിക്കിന് നിശ്ചയിച്ചിരിക്കുന്ന പന്ത്രണ്ടര ശതമാനം നികുതി പിൻവലിക്കണം.

ശ്രീ. എം. കെ. പ്രേംനാഥ് : ധനവിനിയോഗ ബില്ലുകളെ അനുകൂലിക്കുന്നു. നികുതിനിർദ്ദേശങ്ങൾ ഇല്ലാത്തതും സാധാരണക്കാരെ സഹായിക്കുന്ന പല ക്ഷേമപദ്ധതികളടങ്ങിയതും പാഴ്ച്ചെലവുകൾ ഇല്ലാത്തതുമായ ബഡ്ജറ്റാണിത്. പൊതുമേഖലാ സ്ഥാപനങ്ങളെ രക്ഷിക്കാനുള്ള പ്രവർത്തനങ്ങളാണ് നടത്തിയിട്ടുള്ളത്. മലബാറിന്റെയും കോഴിക്കോട് മെഡിക്കൽ കോളേജിന്റെയും വികസനവും കെ. എസ്. ആർ. ടി. സി. യെ രക്ഷിക്കാനുള്ള നിർദ്ദേശങ്ങളെയും സ്വാഗതം ചെയ്യുന്നു. രണ്ടായിരം പ്രൊട്ടക്ടഡ് അദ്ധ്യാപകരെ പുനർവിന്യസിപ്പിക്കുമെന്നുള്ള പ്രഖ്യാപനവും ചെത്തുതൊഴിലാളികളെ സഹായിക്കാൻ 500 രൂപ വർദ്ധിപ്പിച്ചതും സ്വാഗതാർഹമാണ്. ആരോഗ്യ രംഗത്തിന് വമ്പിച്ച പ്രാധാന്യമാണ് നൽകിയിട്ടുള്ളത്.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ: ധനവിനിയോഗ ബില്ലുകളെ അനുകൂലിക്കുന്നു. സാമ്പത്തിക കെടുകാര്യസ്ഥതയും ധൂർത്തും

അഴിമതിയുംകൊണ്ട് മലീമസമായിട്ടുള്ള സംസ്ഥാനത്തെ ധനകാര്യമേഖലയെ രണ്ടു കൊല്ലം കൊണ്ട് ഫലപ്രദമായ ധനകാര്യ മാനേജുമെന്റിലൂടെ പ്രത്യുത്പാദനപരമായിട്ടുള്ള ധനവിനിയോഗത്തിലേയ്ക്ക് നയിക്കാൻ സർക്കാരിന് കഴിഞ്ഞുവെന്നുള്ളത് പ്രശംസനാർഹമാണ്. സാധാരണ ജനങ്ങൾക്ക് നീതി ലഭ്യമാക്കിയും ജീവനക്കാരുടെ മുഴുവൻ ക്ഷാമബത്തയും അനുവദിച്ചുകൊണ്ടും എല്ലാ ക്ഷേമപദ്ധതികളും മെച്ചപ്പെടുത്തിയും അധിക വിഭവ സമാഹരണത്തിന് ഊന്നൽ നൽകിയും ധനകാര്യ മാനേജുമെന്റിന്റെ ഉറപ്പുകൾ മെച്ചപ്പെടുത്തിയുമുള്ള സർക്കാരിന്റെ ശ്രമങ്ങളെ എല്ലാ സംസ്ഥാന സർക്കാരുകളും മാതൃകയാക്കേണ്ടതാണ്. രണ്ട് വർഷത്തിനിടയിൽ വിവിധ ക്ഷേമ പെൻഷൻ കുടിശ്ശികകൾ കൊടുത്തു തീർക്കാനും പെൻഷൻ ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. 2948 കോടി രൂപ നൽകിക്കൊണ്ട് ജീവനക്കാരുടെ മുഴുവൻ ക്ഷാമബത്തയും കൊടുത്തു തീർത്തുവെന്നു പ്രഖ്യാപിക്കാൻ സർക്കാരിന് കഴിഞ്ഞിട്ടുണ്ട്. ജീവനക്കാരെ ദ്രോഹിക്കാതെയും പാവപ്പെട്ടവരെ കയ്യയച്ച് സഹായിച്ചും ഈ സർക്കാരിന് ധനക്കമ്മി കുറയ്ക്കാൻ സാധിച്ചു. ജി.എസ്.ഡി.പി.യുടെ 4.8 ശതമാനമായിരുന്ന ധനക്കമ്മി 4.6 ശതമാനമായി കുറയ്ക്കാനും റവന്യൂ കമ്മി 3.4 ശതമാനത്തിൽ നിന്ന് 3.2 ശതമാനമായി കുറയ്ക്കാനും സാധിച്ചു. 2008-09 വർഷത്തിൽ റവന്യൂ കമ്മി ജി.എസ്.ഡി.പി.യുടെ 2 ശതമാനമായും ധനക്കമ്മി 3.4 ശതമാനമായും കുറയാൻ പോകുന്നു. 2010-11-ൽ കേരളം റവന്യൂ കമ്മി ഇല്ലാത്ത സംസ്ഥാനമായി മാറും. ചെലവിന്റെ കാര്യത്തിൽ 40 ശതമാനം വർദ്ധനവുണ്ടായിട്ടും പദ്ധതി അടങ്കൽ സർക്കാർ വർദ്ധിപ്പിക്കുകയാണ് ചെയ്തത്. ചരിത്രത്തിലാദ്യമായി കെ. എസ്. ആർ.ടി.സി. കടവിമുക്തമാകാൻ പോകുന്നു. കെ. എസ്. ആർ.ടി.സി.യുടെ 700 കോടി രൂപയുടെ നികുതി

കുടിശ്ശിക സർക്കാർ എഴുതിത്തള്ളി. കഴിഞ്ഞ 20 മാസം കൊണ്ട് 166 കോടി രൂപയാണ് കെ. എസ്. ആർ.ടി.സി.ക്ക് സർക്കാർ കൊടുത്തത്. ഇതുവരെയുള്ള വായ്പ ഓഹരിയാക്കി മാറ്റിക്കൊണ്ട് 153 കോടി രൂപ പലിശ ഉപേക്ഷിച്ചുകൊണ്ട് ഓരോ കൊല്ലവും 1000 ബസ്സുകൾ വീതം പുതിയതായി റോഡിലിറക്കും എന്നു പ്രഖ്യാപിച്ചുകൊണ്ട് കെ.എസ്. ആർ.ടി.സി.ക്ക് ഈ സർക്കാർ നവജീവൻ പ്രദാനം ചെയ്യുകയാണ്. കെ. ഡബ്ളിയു.എ.യുടെ 1600 കോടി രൂപയുടെ വായ്പ എഴുതിത്തള്ളി ആ സ്ഥാപനത്തെ രക്ഷിക്കും എന്ന് പ്രഖ്യാപിക്കാനും സർക്കാരിന് സാധിച്ചിട്ടുണ്ട്. ഈ സർക്കാർ വന്നതിനുശേഷം ഒരു ദിവസം പോലും ട്രഷറി നിയന്ത്രണം ഉണ്ടായിട്ടില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്ത് 200 ദിവസമാണ് ഓവർഡ്രാഫ്റ്റ് ഉണ്ടായിരുന്നതെങ്കിൽ ഈ വർഷം 52 ദിവസമാണ് ഓവർഡ്രാഫ്റ്റ് ഉണ്ടായിട്ടുള്ളത്.

ശ്രീ. കെ. ശിവദാസൻ നായർ: ധനവിനിയോഗ ബില്ലുകളെ എതിർക്കുന്നു. മൂലധനച്ചെലവിലും പദ്ധതിച്ചെലവിലും ഗണ്യമായ കുറവ് വന്നിരിക്കുന്നത് കേരളത്തിന്റെ വളർച്ചയെ മുരടിപ്പിക്കും. ഇവിടെ വായ്പ വർദ്ധിക്കുകയും മൂലധനനിക്ഷേപമുണ്ടാകാതിരിക്കുകയും ചെയ്യുന്നു. 2006-07-ലെ റവന്യൂ എക്സ്പെൻഡിച്ചർ 94.33 ശതമാനമാണെങ്കിൽ ക്യാപ്പിറ്റൽ എക്സ്പെൻഡിച്ചർ 5.67 ശതമാനം മാത്രമാണ്. ബഡ്ജറ്റിലെ കണക്കുകളിൽ ഉൾപ്പെടുത്താത്ത പ്രഖ്യാപനങ്ങളാണ് നടത്തിയിരിക്കുന്നത്. കേരളത്തിന്റെ സാമ്പത്തിക സ്ഥിതി ദയനീയമാണ്. 2005 മുതൽ മുൻകാല പ്രാബല്യത്തോടെ മൊബൈൽ റീ-ചാർജ്ജ് കൂപ്പണുകൾക്ക് 4 ശതമാനം നികുതി ഇളവു പ്രഖ്യാപിച്ചതുമൂലം മുതലാളിമാർക്കാണ് പ്രയോജനം ലഭ്യമാകുന്നത്. ഇപ്പോഴത്തെ കണക്കനുസരിച്ച് ഒരു വർഷം 700

കോടിരൂപയുടെ മൊബൈൽ റീചാർജ്ജ് കൂപ്പൺ വിൽക്കുമ്പോൾ മൂന്ന് വർഷംകൊണ്ട് 84 കോടിരൂപയാണ് ഖജനാവിലേയ്ക്ക് വരേണ്ടത്. ലോട്ടറി നിയമത്തിലെ നാലാം വകുപ്പുപ്രകാരം ഗവണ്മെന്റിനു മാത്രമേ ലോട്ടറി നടത്താൻ അവകാശമുള്ളൂ. അതിനാൽ ഗവണ്മെന്റല്ലാതെ ആര് ലോട്ടറി വിൽപ്പന നടത്തിയാലും സെക്ഷൻ നാല് -ന്റെ വയലേഷനായതിനാൽ അവർക്കെതിരെ ക്രിമിനൽ കേസ്സെടുക്കാം. പക്ഷെ അതിന് നിവൃത്തിയില്ലാത്ത സാഹചര്യമാണ് ഇന്നുള്ളത്. ഇതു സംബന്ധിച്ച് ശ്രീ. സിബി മാത്യു തയ്യാറാക്കി സമർപ്പിച്ച റിപ്പോർട്ട് പുറത്ത് കാണിച്ചിട്ടില്ല. കോടതിയിൽ അഫിഡവിറ്റ് കൊടുക്കാൻപോലും കഴിയാത്തതുകൊണ്ട് ഓരോ ദിവസവും 40 കോടി രൂപയുടെ വിറ്റുവരവാണ് ലോട്ടറി മാഫിയയ്ക്കുള്ളത്. ലോട്ടറി കച്ചവടക്കാർ വിൽക്കുന്ന ടിക്കറ്റുകൾ വ്യാജമാണോയെന്ന് പരിശോധിക്കാൻപോലും കഴിയുന്നില്ല. ഉപയോഗിച്ച കാറിന്റെ നികുതി 4 ശതമാനത്തിൽ നിന്ന് അര ശതമാനമായി കുറച്ചത് അത്തരം കാറുകളുടെ വിൽപ്പന നടത്തുന്ന വൻകിട കമ്പനികളെ സഹായിക്കാനാണ്. നികുതി കുടിശ്ശികയിനത്തിൽ 1990-91 മുതലുള്ള പെന്റിംഗ് കേസ്സുകളിൽ 25 ശതമാനം പലിശ ഇളവു ചെയ്തുകൊടുത്തിട്ട് 75 ശതമാനം ടാക്സ് അടച്ചാൽ മതിയെന്ന് പ്രഖ്യാപിച്ചത് മനഃപൂർവ്വം നികുതി വെട്ടിപ്പ് നടത്തുന്നവരെ സഹായിക്കാനാണ്. ഇടതുപക്ഷ ബദലിന്റെ ഏറ്റവും വലിയ ഉദാഹരണമാണ് പ്രസ്തുത ഇളവ്.

ധനകാര്യ വകുപ്പുമന്ത്രി (<u>ഡോ. തോമസ് ഐസക്</u>): 15 ധനവിനിയോഗ ബില്ലുകളാണ് ഇവിടെ പരിഗണിക്കുന്നത്. ഒരുമിച്ച് പ്രവർത്തിച്ചാൽ ഇതുവരെയുള്ള കടം തീർപ്പാക്കി ഭാവിയിൽ റെഗുലറൈസ് ചെയ്യുന്ന നിലപാടിലേയ്ക്ക് എത്താൻ സാധിക്കും. കഴിഞ്ഞ ബഡ്ജറ്റിൽത്തന്നെ

പറഞ്ഞിട്ടുള്ള ഒരു കാര്യം വിഷൻ 2010-11 ആകുമ്പോൾ റവന്യൂ കമ്മി ഇല്ലാതാക്കാൻ സാധിക്കുമെന്നുള്ളതാണ്. അടുത്തവർഷം മുതൽ റവന്യൂ കമ്മി ഗണ്യമായി കുറയ്ക്കാൻ സാധിക്കും. പബ്ളിക് അക്കൗണ്ട്സിലൂടെ വായ്പയെടുത്താണ് മൂലധനച്ചെലവ് നടത്തുന്നു. റവന്യൂ കമ്മി നിയന്ത്രിച്ച് നിറുത്താൻ കഴിയുന്നില്ല. മൂലധനച്ചെലവ് ഗണ്യമായി ഉയർത്തേണ്ട കാലം വരുമ്പോൾ മിനിമം പ്രിപ്പറേറ്ററി വർക്ക് ചെയ്യേണ്ടിവരും. ഭൂമി എടുത്ത് വ്യവസായ പാർക്ക് നിർമ്മിക്കുന്നതിന് എം.എൽ.എ.മാർ മുൻകയ്യെടുക്കണം. പൊതുമരാമത്തിന്റെ ഒരു വർക്കുപോലുമില്ലാത്ത അഞ്ച് മണ്ഡലങ്ങളുണ്ട്. വയനാട്ടിൽ മൂന്ന് മണ്ഡലങ്ങളിൽ ഒരു വർക്കുപോലുമില്ല. പത്ത് കോടി രൂപ യിലേറെ എ.എസ്. കൊടുത്തിട്ടുള്ള പതിമൂന്ന് മണ്ഡലങ്ങളും. 27 കോടി രൂപയുടെ എ.എസ്. കൊടുത്തിട്ടുള്ള ഒരു മണ്ഡലവുമുണ്ട്. പൊതുമരാമത്ത് വകുപ്പിന് മെയിന്റനൻസിനും മറ്റും 440 കോടി രൂപ കൊടുക്കുമെന്ന് പ്രഖ്യാ പിച്ചിരുന്നുവെങ്കിലും 770 കോടി രൂപ അനുവദിച്ചു കഴിഞ്ഞിരിക്കുകയാണ്. ചില വർക്കുകൾക്കുവേണ്ടി ചെലവഴിക്കാൻ കഴിയാത്ത പണം കുടിശ്ശിക തീർക്കാൻ ഉപയോഗിക്കും. ശിവഗിരി കൺവൻഷൻ സെന്റർ, പന്മന ആശ്രമം എന്നിവയ്ക്ക് പണം ലഭ്യമാക്കും. ഒറ്റത്തവണ ഗ്രാന്റുകൾ നോൺ പ്ളാൻ ഗ്രാന്റായതിനാൽ ആ നിലയിൽ പണം ലഭ്യമാക്കും. ഫുട്ബോൾ അക്കാഡമിക്കുവേണ്ടി സ്റ്റേഡിയത്തിന്റെ ഹെഡ്ഡിലുള്ള പണം റീ-അപ്രോപ്രീ യേറ്റ് ചെയ്യാം. എവിടെയെങ്കിലും ലാപ്സുണ്ടായിട്ടുണ്ടെങ്കിൽ അത് അന്വേഷി ക്കാം. താനൂർ ഫിഷിംഗ് ഹാർബറിന് 6 കോടി രൂപ അനുവദിക്കാം. അത് ചെലവഴിച്ച് കഴിയുമ്പോൾ നിയോജകമണ്ഡലങ്ങൾക്ക് അനുവദിച്ചിട്ടുള്ള തുക ചെലവഴിക്കുന്ന മുറയ്ക്ക് ബാക്കി തുക അനുവദിക്കാം. പരമ്പരാ ഗത-സംഘടിത മേഖലകളിൽ പി.എഫ്.-ന്റെ ആനുകൂല്യങ്ങൾ നിലവിലുണ്ട്.

കർഷകത്തൊഴിലാളി പെൻഷൻ ബാങ്കുകൾവഴിയാക്കുന്നതിന് തടസ്സമുണ്ടെങ്കിൽ അത് കുടുംബശ്രീ മുഖേനയോ മറ്റ് ഏജൻസികൾ വഴിയോ വിതരണം ചെയ്യുന്നതിന് ആലോചിക്കാം. ഇക്കാര്യത്തിൽ ബന്ധപ്പെട്ട ക്ഷേമിധി ചെയർമാൻമാരുമായി ചർച്ച ചെയ്ത് തീരുമാനമെടുക്കാം. ക്ഷേമനിധികളെ ഏകോപിപ്പിക്കേണ്ടതുണ്ട്. എക്സ്ക്കലേഷൻ ഇല്ലാതെതന്നെ എസ്റ്റിമേറ്റിന്റെ ഇരട്ടിത്തുകയ്ക്കാണ് പണി നടത്തുന്നത്. അത് അവസാനിപ്പിക്കുന്നതിന് എസ്റ്റിമേറ്റ് റിവിഷൻ കാലതാമസം കൂടാതെ നടത്തുന്നതിന് മരാമത്ത് വകുപ്പു മന്ത്രിയുമായി ആലോചിച്ച് വേണ്ടത് ചെയ്യുന്നതാണ്. കോൺട്രാക്ടർമാരുടെ ഭാഗത്തുനിന്നുള്ള വെല്ലുവിളികൾ അവസാനിപ്പിക്കുന്നതിന് ലേബർ കോൺട്രാക്ടേഴ്സ് സൊസൈറ്റികളെ പ്രോൽസാഹിപ്പിക്കേണ്ടതുണ്ട്. വാറ്റ് നിയമത്തിന്റെ മൂന്നാം ഷെഡ്യൂളിൽ സിം കാർഡിനെയും റീചാർജ് കൂപ്പണിനെയും സംബന്ധിച്ച കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇവയ്ക്ക് 4 ശതമാനം നികുതി നിരക്ക് ഏർപ്പെടുത്തിയപ്പോൾ ബി.എസ്.എൻ.എൽ. സുപ്രീംകോടതിയിൽ കേസ് കൊടുത്തു. ഇക്കാര്യത്തിൽ വാറ്റ് നിയമത്തിലെ ബന്ധപ്പെട്ട ഷെഡ്യൂൾ അനുസരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. ഇവിടെ അവതരിപ്പിച്ച ബഡ്ജറ്റിലൂടെ കേരളം ഒരു പുതിയ വഴിത്തിരിവിലേയ്ക്കെത്തിയിരിക്കുകയാണ്. എല്ലാപേരും സാമ്പത്തിക അച്ചടക്കം പാലിക്കാൻ തയ്യാറായാൽ ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളെക്കാൾ മെച്ചപ്പെട്ട രീതിയിലുള്ള മൂലധനവും സാമൂഹ്യ സുരക്ഷയും ഉറപ്പുവരുത്താൻ സംസ്ഥാനത്തിന് സാധിക്കും.

2008-ലെ കേരള ധനവിനിയോഗ ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

## 2-ഉം 3-ഉം വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും

2-ഉം 3-ഉം വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ഡോ: തോമസ് ഐസക്) : 2008-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. കെ.സി. ജോസഫ് : ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ട്രാൻസ്പേരൻസിയും ഡിസിപ്ളിനുമില്ലാത്ത സമീപനമാണ് ധനകാര്യ വകുപ്പുമന്ത്രി ബഡ്ജറ്റിലൂടെ സ്വീകരിച്ചിരിക്കുന്നത്. ഭരണഘടനയിൽ സപ്ളിമെന്ററി ബഡ്ജറ്റിനെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. ബഡ്ജറ്റ് ഒരു ട്രാൻസ്പേരന്റ് ഡോക്യുമെന്റാണ്. 1984 മുതലുള്ള എക്സ്പെന്റിച്ചർ ഇപ്പോൾ അപ്രോപ്രിയേഷൻ ബില്ലിൽ വരുന്നു. ഈ കീഴ്വഴക്കം പാടില്ല. മലയോര ഹൈവേയ്ക്ക് പണം അനുവദിക്കുമെന്ന് പറഞ്ഞു. അതിന് ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻ വേണം. ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷൻപോലും വയ്ക്കാതെ സംസ്ഥാനത്തിലെ പ്രവർത്തനങ്ങൾക്കാവശ്യമായ പണം സപ്ളിമെന്ററി ഡിമാന്റ്സ് ഫോർ ഗ്രാന്റ്സിൽ ഉൾപ്പെടുത്തുമെന്നുപറയുന്ന നടപടിക്രമം ശരിയല്ല.

2008-ലെ കേരള ധനവിനിയോഗ ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

2008-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ മുതൽ 15-ാം നമ്പർ വരെയുള്ള) ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ പരിഗണനയ്ക്കെടുത്തു.

**2-ഉം 3-ഉം വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും**

2-ഉം 3-ഉം വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലുകളുടെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലുകളുടെ ഭാഗമായി.

ധനകാര്യ വകുപ്പുമന്ത്രി (ഡോ : തോമസ് ഐസക്) : 2008-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ മുതൽ 15-ാം നമ്പർ വരെയുള്ള) ബില്ലുകൾ പാസ്സാക്കിത്തരണം എന്ന പ്രമേയം അവതരിപ്പിക്കുന്നു.

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി (ശ്രീ. പാലോളി മുഹമ്മദ് കുട്ടി) : പ്രമേയത്തെ പിന്താങ്ങുന്നു.

2008-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ മുതൽ 15-ാം നമ്പർ വരെയുള്ള) ബില്ലുകൾ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബില്ലുകൾ സഭ പാസ്സാക്കി.

സഭ ഉച്ചയ്ക്കുശേഷം 3.40-ന് പിരിഞ്ഞു.

***************